# വിഷുക്കണി

വള്ളത്തോൾ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# വിഷുക്കണി

ഗ്രന്ഥകൎത്താവ്:

വള്ളത്തോൾ.

Digitized By Kerala Sahitya Akademi

വില 1ക 8ണ. 1121 മിഥുനം.

രണ്ടാം പതിപ്പ് കോപ്പി 1000

പ്രസാധകന്മാർ:
വള്ളത്തോൾ ഗ്രന്ഥാലയം
ചെറുതുരുത്തി.

PRINTED AT
THE MANGALODAYAM PRESS,
TRICHUR.

പകർപ്പവകാശം വള്ളത്തോൾഗ്രന്ഥാലയത്തിന്ന്.
എല്ലാ പ്രതികളിലും ഗ്രന്ഥകർത്താവിന്റെ
സില്ലുണ്ടായിരിക്കും.

Digitized By Kerala Sahitya Akademi

# വിഷയാനുക്രമം


| വിഷയം | വൃത്തം | എഴുതിയ കാലം. | ഭാഗം. |
|---|---|---|---|
| 1. വിഷുക്കണി | (മാകന്ദമഞ്ജരി) | '103 മേടം | 1 |
| 2. ബഹിഷ്കൃതമായ അന്തർജ്ജനം | (കേക) | '100 ചിങ്ങം | 6 |
| 3. പുലർകാലം എപ്പൊഴോ? | (കേക) | '104 ഇടവം | 10 |
| 4. ഗൃഹനാഥൻറെ തൂവൽ | (അന്നനട) | '105 മിഥുനം | 14 |
| 5. പൂർണ്ണവിശ്രമസൌഖ്യം | (കേക) | '99 മകരം | 18 |
| 6. സ്ത്രീകൾ | (കേക) | '102 കുംഭം | 20 |
| 7. നൂൽപ്പമ്പരം | (പാന) | '106 കന്നി | 21 |
| 8. പ്രകൃതിയുടെ മനോരാജ്യം | (കേക) | '107 കർക്കിടകം | 25 |
| 9. യുവവിദ്യാർത്ഥികളോട് | (കേക) | '102 തുലാം | 27 |
| 10. പൊട്ടാത്ത പൊൻകമ്പി | (കാകളി) | '105 കുംഭം | 29 |


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

## ൧. വിഷുക്കണി

൧. നീരാടിയാടി നിറം വളൎത്താൎദ്രത
നീങ്ങിയിട്ടില്ലാത്ത ഗാത്രങ്ങളിൽ
ഭൂരിസസ്യങ്ങളാം പച്ചപ്പുടവകൾ
വാരിയണിഞ്ഞ ദിഗംഗനമാർ

ആരുടെ മേന്മയോ പാടിപ്പുകഴ്ത്തുന്നു
സാരസഹംസാദിനാദങ്ങളാൽ;
ആർതൻ മരന്ദമോ, പാലപ്പൂസൌരഭ്യം
പെയ്തു നടക്കുന്ന ഗന്ധവാഹൻ;

ആർതൻ മധുഗൎഭമാണിക്യക്കോപ്പക-
ളാണോ, മണംപെറും ചെംപൊയ്ത്താർകൾ;
കാശങ്ങൾ ശുഭ്രമാം പൂംകുലച്ചാമരം
വീശുന്നതേതൊരു തമ്പുരാന്നോ;

അശ്ശരൽക്കാലത്തിലുണ്ടാം വിഷുവത്തെ-
യുത്സവമാക്കുമാറില്ല ഞങ്ങൾ:
ആഡംബരങ്ങളിലാനന്ദം തോന്നലീ-
യാഷ്പ്രദേശത്തിന്നുണ്ടോ പണ്ടേ?

൨. ആഴമുൾക്കൊണ്ട തടാകകൂപാദിക-
ളാത്മീയസംപത്താം നീർ മുക്കാലും

Digitized By Kerala Sahitya Akademi

തീവെയിൽ തട്ടിയെരിഞ്ഞ നഭസ്സിലെ-
യ്ക്കാവികളാക്കിയയയ്ക്കുകയാൽ,
ശിഷ്ടരാരാധിപ്പൊരില്ലായ്മയിങ്കലെ-
യ്ക്കൊട്ടൊട്ടിറങ്ങിപ്പോയ്ക്കൊണ്ടിരിയ്ക്കേ;
വെണ്ണിലാപ്പൈതങ്ങൾ പോലുള്ള മേഘങ്ങൾ
വണ്ണാഭിമാനം വെടിഞ്ഞു വാനിൽ,
പാരിനു ചൂടു പോയ്ജ്ജീവനം കൈവരാൻ
മാറാതെ ചെയ്യുന്ന വേലകളാൽ
കൂരിരുൾക്കൊപ്പം കറുപ്പാർന്ന കാർകളെ
സ്വൈരമായ്ച്ചേർത്തണച്ചാശ്ലേഷിയ്ക്കേ;
ആമ്പൽപ്പൂവല്ലികൾ, നക്ഷത്രലോകത്തെ-
യ്ക്കാഞ്ഞുപറക്കാൻ മുതിർന്നപോലെ,
കണ്ടിൽപ്പോം വെള്ളത്തിൽനിന്നേറെപ്പൊങ്ങിയ
തണ്ടിൻതലയ്ക്കൽ വിടർന്നുനില്ക്കേ—
ആർദ്രത്ത്വ കൊണ്ടുവരുന്ന വിഷുവമേ
സ്വാദ്ധ്യവും പൂജ്യവും ഞങ്ങൾക്കെല്ലാം:
ഔദാര്യമഗ്നര,ഭംഗുരസൌഭ്രാത്ര-
രാദ്യതോൽക്കർഷേച്ഛർ കേരളീയർ.

൩. മംഗളം മാധവലക്ഷ്മി: മഹാർഹയാ-
മങ്ങയെദ്ദീപങ്ങൾകൊണ്ടർച്ചിപ്പാൻ
അങ്ങിങ്ങൊരുങ്ങിനില്പുണ്ടു വിനീതരാം
ഞങ്ങൾതൻ പുഷ്പിതചമ്പകങ്ങൾ.
അന്ന്യപുഷ്ടങ്ങൾതൻ ഗാനംകൊതിച്ചുകൊ-
ണ്ട,ന്യരാജ്യങ്ങളിലാമ്രകങ്ങൾ,

Digitized By Kerala Sahitya Akademi

ചൈത്രമുഖത്താൽ നീയ്യൂതിയ കാറേറാറു
പൂത്തുതുടങ്ങുക മാത്രം ചെയ്കേ,
ഈ മലനാട്ടിലെ മാണ്ണെഴും മാവുകൾ
പൂമെയ്യാളായ ഭവതിയ്ക്കിതാ,
മൂത്തുപഴുത്തുള്ള തേൻകാഴ്ചകൾകൊണ്ടുതാൻ
പ്രീത്യുപചാരം സമാചരിപ്പൂ.
മുല്ലപ്പൂകൊണ്ടു ചിരിപ്പതെന്തായ്യേ, നീ—
തെല്ലേറെക്കാലേക്കൂട്ടു പറവുകയാൽ
ശ്രുതിപഥങ്ങളിൽപ്പിന്നിലായ്പ്പോയാലു-
മാതിഥ്യകൃത്യത്തിൽ മുമ്പർ ഞങ്ങൾ.
അയ്യോ, വിയക്കുകയില്ലേ പലപ്പോഴ-
മിയ്യെരിച്ചൂടിൽ നിൻ കോമളാസ്യം?
തൂക്കിയിട്ടുണ്ടിതാ, മഞ്ഞക്കൈലേസ്സുകൾ
പൂക്കണിക്കൊന്നതൻ കൊമ്പുകളിൽ.

൪. മല്ലാടേ വീട്ടുവളപ്പിൽച്ചിലേടത്തു
ചപ്പുചവറുകൾ കൂട്ടിയതിൽ
തീ കൊടുത്തേതാനും പുഷ്പാവൃതാശോക-
ത്തൈകളെസ്സംഷ്ടിച്ചു പേർത്തും പേർത്തും
കമ്പിരിപ്പരിൽ വിളിച്ചുവരുത്തുന്നു
കന്തുങ്ങളെന്തോ നവാഹ്ലാദത്തെ.
കുട്ടിക്കരങ്ങളിൽനിന്നു തെരുതെരെ-
പ്പൊട്ടിത്തെറിയ്ക്കും പടക്കങ്ങളിൽ
സ്പഷ്ടീഭവിയ്ക്കുന്നു, ശ്രീവിഷുവാഗമ-
തുഷ്ടിയാൽ വീടുകൾ വെമ്പും വെമ്പൽ.

Digitized By Kerala Sahitya Akademi

വാനവും മിന്നൽത്തി പാറീട്ടമാറിടി-
ധ്വാനാൽപ്പടക്കങ്ങൾ പൊട്ടിട്ടുവേ,
മേഘഭക്ത്യശ്രുവിലാറാടി മേവുമീ
മേഷമാസാദിമപ്രത്യൂഷസ്സിൽ,
അക്കബിംബത്തിനൊക്കന്നോരരുളിയി-
ലപ്പിച്ച മംഗളദ്രവ്യങ്ങളിൽ—
വെള്ളരി, ശുദ്ധമേ പൊൻകട്ടി പോലുള്ള
വെള്ളരിക്കായ്, പാക്ക-വെററിലകൾ,
ഓട്ടുവാൽക്കണ്ണാടി, പീതാംബരം, കറി-
ക്കൂട്ടു, മഷിച്ചെപ്പിത്യാദികളിൽ—
സംക്രമിച്ചേവക്കും ദശ്നം നല്കിന
സംക്രമപൂരുഷ, കൈതൊഴാം തേ.

രണ്ടു തേങ്ങാമുറിയ്ക്കുള്ളിലരിക്കിഴി-
കൊണ്ടുജ്ജ്വലിപ്പിച്ച ദീപികകൾ,
നിങ്കനിപിങ്കൽനിന്നങ്കുരിയ്ക്കുമിരു-
തങ്കക്കതിരുകളെന്നപോലേ
കൺകാഴ്ച നല്കാവൂ ലോകക്കിത്താമസ-
സങ്കടം നീക്കിസ്സഹസ്രഭാനോ!

ഇക്കണിപ്പാത്രത്തിലുണ്ടു മണിമയ-
നിഷ്ക്കമണിയിച്ചോരോലഗ്രന്ഥം;
മറെറന്തു, വാണിയെപ്പുല്കിനാൾ പൂമങ്ക
മത്സരം വിട്ടാശു നിൻപ്രഭാവാൽ:
ദോഷാന്ധകാരത്തെപ്പായിയ്ക്കുമൊന്നല്ലോ
പൂഷാവേ, പുണ്യമാം ത്വൽസാന്നിധ്യം.

Digitized By Kerala Sahitya Akademi

നന്നായ് വെളിച്ചം വിതച്ചീടുമങ്ങയെ
നിന്നിദ്രമായ്ക്കണികാണുംനേരം,
എൻനയനത്തിനിപ്പൊന്മണിമാലയും
കൊന്നപ്പൂമാലയുമൊന്നുപോലേ;
അപ്പടിയ്യൊപ്പമേ വെള്ളിപ്പണങ്ങളു-
മിപ്പുതുകർപ്പൂരവട്ടുകളും!
ഇത്തിരി നേരത്തെയ്യെങ്കിലുമാഹന്ത,
സത്യസനാതനചിന്മഹസ്സേ,
അദ്വൈതാചാര്യൻെറ നാട്ടുകാർതന്നെയായ്,
താദൃശനോൽബുദ്ധരിന്നു ഞങ്ങൾ!

Digitized By Kerala Sahitya Akademi

## ൪. ബഹിഷ്കൃതമായ അന്തർജ്ജനം

൩. "മിത്ഥ്യാപവാദോത്താപം പ്രേരിപ്പിയ്ക്കില്ലു,മാത്മ-
ഹത്യയിൽനിന്നന്നെന്നെപ്പിന്മാററി പാപഭയം.
മാറാഷിയൊരുവൾ ഞാൻ; സ്വജനം ത്യജിച്ചാലും,
സ്ഥാനമൊന്നെനിയ്ക്കുമുണ്ടീശന്റെ ഭുവനത്തിൽ.
ആ മറക്കുട തല്ലിപ്പൊളിച്ചുകളഞ്ഞൊരു
നാൾമുതൽ നേരേതന്നെ കാണ്മതുണ്ടുലകം ഞാൻ;
പാണന്റെ പനയോലക്കൈത്തൊഴിലിനിമേൽ മേ
പാരമേശ്വരശില്പം കാണുവാൻ തടവാകാ!
നിത്യമൊരോലമറ പോരുമേ രക്ഷിപ്പാൻ പോ-
ലി,ത്രയും വിലകെട്ട ചരക്കോ പാതിവ്രത്യം!

൪. ആരെയുംകാണാമെനിയ്ക്കു,ന്നെയുംകാണാമാർക്കും;
പാരിലെയൊരാളായ് ഞാൻ സ്വഗൃഹബഹിഷ്കാരാൽ.
ഹാ, മത്സോദരിമാർതൻ കഥയെന്ത,സ്സാധുക്കൾ
സോമസൂര്യരെപ്പോലും ശരിയ്ക്കു കണ്ടിട്ടുണ്ടോ—
ആകാശതലം മീതേ പരന്നുകിടപ്പുള്ള-
താർക്കുതാനറിയാമപ്പഞ്ജരക്കിളികളിൽ?
തള്ള വാലാട്ടുമിടമുലകം പൂച്ചക്കുട്ടി
യ്ക്കി,ല്ലത്തിൻ പടിഞ്ഞാററി നമ്പൂരിമടവാക്കും!
പ്രകൃതിയുടെ വക്ത്രാവരണത്തെയുമൊട്ടൊ-
ട്ടകററീടുന്നു കാലഭഗവാനുടെ ഹസ്തം;
നമ്മളോ, നരരിൽനിന്നൊളിഞ്ഞുനില്പാൻ പൂഴെ-
ക്കുന്നു കനപ്പിപ്പൂ വീർപ്പുമുട്ടിപ്പോംവണ്ണം.

Digitized By Kerala Sahitya Akademi

ലോകദൃഷ്ടിയിൽനിന്നു ചൂളുവാനെ,ന്താണാവോ
ഹ്രീകരമായിട്ടൊന്നു ചെയ്യതിക്കുലസ്ത്രീകൾ!

൩. മൂപ്പതുവയസ്സാന്ന പെങ്ങളെക്കൊടുപ്പാനാ-
ണല്ലവിത്തനാ വിപ്രൻ വേട്ടുവെച്ചതീയെന്നെ;
ഇപ്പൊഴോ, മിളദ്ദാരത്രയനാമദ്ദേഹത്തി-
നപ്രയാസമായ് നേടാം ത്രിവർഗ്ഗത്തിനെയെന്നായ്!
വാർദ്ധകാക്രാന്തൻ കാന്തൻ; തരുണി നവോഢ ഞാൻ —
കുത്തനോക്കെൻനേക്കേയ്ക്കു നാലുകണ്ണുകൾ മേന്മേൽ:
രണ്ടാളിൽപ്പകുത്താലും, തെല്ലനുരാഗം ബാക്കി-
യുണ്ടാവാം കണവന്നെന്നാര്യമാർ കണക്കിട്ടു!
വള്ളിയാൽപ്പൂത്താവിനെബ്ബന്ധിപ്പാൻ ശചീമന്ത്രം
വല്ലതുമറിയാമോ വൈദികസ്ത്രീകൾക്കിപ്പോൾ?
രണ്ടാളും 'തലയിണമന്ത്ര'മേ പ്രയോഗിച്ചു-
കൊണ്ടിതു സപത്നീവിധ്വംസത്തിൽ യോജിപ്പോടേ.
തിങ്ങളാറേഴാൽസ്സിദ്ധമവർക്കു ജപയജ്ഞ—
മങ്ങഞ്ചാംപുരയ്ക്കുള്ളിൽക്കിടപ്പായ് മൂന്നാംവേളി;
സ്മാർത്തവൈദ്യനെത്തി വിശുദ്ധ്യൌഷധവുമായ്-
പ്പേത്തദോഷരിൽനിന്നു ദോഷത്തെ വമിപ്പിപ്പാൻ!
വന്നുപോയ് ദിനപക്ഷമാസങ്ങൾ; പുറപ്പെട്ടൊറി-
നിന്നതില്ലവയെൻെറ ചാരിത്രഭംഗം കേൾപ്പാൻ.
ഭൂതകാലത്തിൽച്ചെന്നു ലയിച്ചു വർഷം മൂന്ന,-
പ്പാഴ്ത്തറശ്ശീലപ്പിന്നിൻ ചോദ്യങ്ങളാകാശത്തും,
'സാധന'ത്തിൻെറ നെടുവീർപ്പുകൾ വായുവിലും,
നാഥൻെറ മുതൽ മററുമന്യർതൻ പെട്ടിയിലും!

Digitized By Kerala Sahitya Akademi

൪. വേശ്യയെ വാൎത്തുണ്ടാക്കുമപ്പുരുഷകൎത്തനി-
ന്നീ—ശ്വരാ, പൊറുത്തരുൾകീയൊരുവാക്പാപം മേ!—
വിടുതി ലഭിക്കുവാൻ മറ്റൊരു വഴി കാണാ-
ഞ്ഞൊ, ടുവിൽബ്ഭൃത്യങ്കലെൻജാരത്വമാരോപിച്ചേൻ.
സ്മാൎത്തന്റെ കൃതാൎത്ഥത്വം, ജ്യേഷ്ഠത്തിമാൎക്കു മന-
സ്സ്വാസ്ഥ്യ,മെൻഭൎത്താവിന്നു ദാരിദ്ര്യനിവാരണം,
എനിക്കോ മനുഷ്യർതൻ സ്വാതന്ത്ര്യം—പലഗുണം
ജനിച്ചുവല്ലോ, ഭോഷ്ക്കൊന്നു ഞാൻ പറകയാൽ.
നന്മയെപ്പെറ്റും തിന്മ ഹേയകോടിയിൽപ്പെടാ:
നെന്മണിവളൎച്ചയ്ക്കു വയലിൽച്ചളിവേണം.

൫. പന്നഗദംഷ്ട്രമിതെന്നുള്ള ദുശ്ശങ്ക പിടി-
ച്ചെന്നുടെ സമുദായം—കേരളദ്വിജവൎഗ്ഗം—
സത്യത്തിനെറുമ്പുമേ കടിച്ചിട്ടില്ലാത്തത്ര-
യെത്രയംഗത്തെ മുറിച്ചെറിഞ്ഞിട്ടില്ലീവണ്ണം?
സംത്യാഗഭയം വേണ്ടാ നിനക്കു: നമ്പൂതിരി-
ക്കന്തഃപുരത്തെക്കാളും മധുരം മാമൂലേ, നീ!
എന്തുഷസ്സുണൎന്നാലു,മേതൎക്കനുദിച്ചാലു-
മന്ധവിശ്വാസതമസ്സൊഴിയാ ഞങ്ങൾക്കെന്നാ!
മങ്കമാർകളെക്കൊണ്ടു കണ്ണുനീർവീഴ്ത്തിക്കുന്നു!—
തെണ്ണുട്ടർ, നിഴലിനെക്കഴുകിക്കളയാനായ്!

൬. ഞാനൊരു സാധാരണനാരിയായ് മാറിയതിൽ-
ദ്ദീനത വേണ്ടാ നിങ്ങൾക്കെൻറ സോദരിമാരേ;
ഹന്ത, മേ പുറത്താക്കപ്പെട്ട ജീവിതത്തിന്മേൽ-
സ്സന്തതം തട്ടുന്നുണ്ടു നൽക്കാറ്റും വെളിച്ചവും.

Digitized By Kerala Sahitya Akademi

പര്യാപ്തവിഭവ ഞാൻ സ്വപ്രയത്നത്താൽ; പോരാ,
പത്നീത്വമാണിപ്പെണ്ണുങ്ങൾക്കൊരു സമ്പത്തെങ്കിൽ,
ഭർത്താവുമിയ്യുള്ളോൾക്കുണ്ടിങ്ങു —നൂൽച്ചക്രം:–മിത്ര
ഭദ്രശബ്ദത്താലെങ്കൽത്തൂകുന്നു പ്രിയവാക്യം;
വെൺനൂൽത്തുമ്പുകളാലേ പുഞ്ചിരിക്കൊണ്ടീടുന്നു;
മടിയാതെനിക്കൂണുമുടുപ്പുമതേകുന്നു.
എന്റെ സൌഭാഗ്യമിഹ കൺചുവപ്പിപ്പീലാർക്കു,-
മെന്റയിച്ചെറുഗൃഹം സംശാന്തമസപത്നം!
ജ്യേഷ്ഠത്തിമാരേ, തൊഴാം: നിങ്ങൾകാരണമല്ലോ,
ശ്രേഷ്ഠർതന്നാദർശത്തെ നൂല്ക്കുവാൻ മുതിർന്നു ഞാൻ;
നാട്ടിനായ്ത്തൊഴിൽചെയ്വാൻ ലാഘവം വന്നു, 'ഭ്രഷ്ടാ'-
ലോട്ടുകങ്കണമൂരിക്കളഞ്ഞ കൈരണ്ടിന്നും!

൧. അംബ, ഭാരതഭൂവേ, ഭക്തിചക്രത്താൽ ഞങ്ങൾ
നിർമ്മിച്ചുപോരും നൂൽതന്നിഴയോരോന്നും, ഹാ ഹാ,
വിവിധാതങ്കക്ലേശവിക്ലബീഭൂതൌജസ്സാ-
മിവിടെയ്ക്കോരോ ജീവസിരയായ്ച്ചമയാവൂ!"

Digitized By Kerala Sahitya Akademi

## ൩. പുലർകാലം എപ്പൊഴോ?

൧. തടവുമുറിനിലത്തരചന്മാർതൻ മണി-
മുടികൾ പതിപ്പിച്ച ജേതാവാം ജരാസന്ധൻ
വടിവിൽത്തീർപ്പിച്ചതെന്നിതിഹാസത്താൽച്ചൊല്ല-
പ്പെടുന്ന 'മോൺഗീർക്കോട്ട'യ്ക്കരികിൽപ്പടിഞ്ഞാറായ്
ഇപ്പൊഴുതുപക്ഷീണപ്രാക്തനവിഭവയാ-
മപ്പുരിയുടെ വെള്ളിത്തളതൻ പാതിയ്ക്കൊപ്പം,
സ്വച്ഛമാം വളവോടേ കിടക്കും സാക്ഷാൽ സ്വർഗ്ഗ-
ത്തുപ്പുഴയുടെ തീരത്തെത്തി ഞാൻ സായാഹ്നത്തിൽ.
എൻപുരാപുണ്യം വീണ്ടുമുണർന്നു: മുന്നാളിന്നു
മുമ്പു കാശിയിൽവെച്ചാസ്വദിച്ചവിധമിന്നും
മുമ്പിൽ ഞാൻ കണ്ടേനല്ലോ, ശംഭുവിൻശിരസ്സിന്നു
തുമ്പത്തുമലർമാലയാകുമത്തടിനിയെ!

ശൈത്യച്ചൂളലിൽനിന്നു തൽക്ഷണമെന്നാത്മാവാ
നേത്രപീയൂഷച്ചാലിലെയ്ക്കൊരു ചാട്ടംചാടീ;
ആസ്ഥയാലതു പിന്നെക്കരയ്ക്കു കേറുന്നതും
കാത്തുകൊണ്ടനങ്ങാതേ നില്ക്കുകയായെൻകാല്ക്കൾ.
ചുഴിയിൽ വട്ടംചുററും; നുരകൾ വാരിത്തേയ്ക്കും;
തഴുകിമുകർന്നീടും തരംഗഞ്ഞൊറികളെ;
മുഴുകു,മാഴത്തിലെയ്ക്കൂളിയിട്ടിടു;--മേവം
പുഴയിൽക്കുട്ടിക്കളി കളിച്ചു മമ ചിത്തം.
മൃദുവാമലകൾതന്നൊച്ചയാൽ മന്ത്രോച്ചാരം
മുതിർത്തും, വട്ടച്ചുഴിപ്പുകളാൽ വലംവെച്ചും,

Digitized By Kerala Sahitya Akademi

പതയാൽബ്ഭസ്മം തൊട്ടും, പാപനാശിനിയാമീ
നദിയിൽത്തീർത്ഥസ്നാനം കഴിച്ചു മമ ചിത്തം.

൨. എന്നാലെൻപരിസരം പങ്കുകൊണ്ടതായ്ത്തോന്നീ-
ലെൻെറയീയാഹ്ലാദത്തിലെ,ൻെറയീ നിർവ്വാണത്തിൽ:
മങ്ങിക്കൊണ്ടിരുന്നു ദിങ്മുഖമെല്ലാമേ; വാടി-
ച്ചുങ്ങുന്നപോലായ് പാരിൻപരപ്പു കാണെക്കാണേ.
ഗംഗതൻമണൽത്തിട്ടിൽപ്പടന്ന സസ്യങ്ങൾക്കും
തുംഗപാദപങ്ങൾക്കുമപ്പുറത്തതാ, ദൂരേ,
അന്തിച്ചെഞ്ചുകലാസ്സാൽപ്പുതച്ച പകലിൻെറ-
യന്തിമദശാന്തരമന്തരിക്ഷാന്തത്തിങ്കൽ.
തണുത്തു കോച്ചീടുമീ നാടിനിത്തിരി ചൂട-
മുണർവ്വും വെളിച്ചവും തന്നതേതൊരുവനോ,
അപ്പകൽ മഹോദയനറുതിയടഞ്ഞുപോയ്,
പുൽപ്പരിഷയ്ക്കും മഞ്ഞാം കണ്ണുനീരോലുംവണ്ണം.
ഏററലൊന്നേററു ശരിക്കുക്കൻെറ മുകൾപ്പരപ്പിൽ;—
ച്ചേററിടമടന്നുപോയതിൽനിന്നാ മാത്രയ്ക്കേ;
ഏററലുമടന്നുപോയ്പ്പോകലുമതാ, വീണ്ടും;
തെററിന്നു പാതിപ്പെട്ടു ദീപ്തമത്തുടുഗോളം.
പകുതി മറഞ്ഞ ചെംകതിരോൻബിംബത്തിനെ-
പ്പകലിൻ ശവത്തെയിട്ടെരിക്കും ചിതയെ—നീ
ആഴിരാജാവിനുടെ മാണിക്യക്കളിത്തോണി-
യാണെന്നോ ഗണിച്ചു; ഹാ കവിതക്കാരൻ ക്രൂരൻ!
പകുതിമറഞ്ഞ ചെംകതിരോൻബിംബത്തിനെ—
പ്പകലിൻ ശവത്തെയിട്ടെരിക്കും ചിതയെ—നീ

Digitized By Kerala Sahitya Akademi

സന്ധ്യതൻ സരസിന്ദൂരചന്ദ്രാദ്ധ്ക്കറിയെന്നു
ചിന്തിച്ചുപോയല്ലോ; ഹാ, കവിതക്കാരൻ ക്രൂരൻ!'
അച്ചിതാഗ്നിയിൽനിന്നു തെറിച്ച കനലെന്നു
നിശ്ചയിയ്ക്കാമീയോരോ ചെമ്മുകിൽക്കഷ്ണത്തെയും.
പൊന്നുടപ്പമായ്ച്ചാരേ നിന്ന മേഘത്തിൻ മുഖം–
തന്നിൽനിന്നൊരു പുകനൂലതാ, പൊങ്ങിപ്പാറി—
ചുടലച്ചെന്തീയാൽത്തൻചുരുട്ട കത്തിയ്ക്കുവാൻ
മടിതോന്നാത്തോനുണ്ടോ ദിവ്യദേശത്തും ഹാഹാ!
അതുലതേജസ്സായി നിന്നതെന്തൊന്നോ പക-
ല്ക്കൊന്നു താനിതിന്നിപ്പോളെരിപട്ടടയെന്നോ?
ഇതിനെന്തവമാനമാണു പററിയതാവോ,
സതിയെപ്പോലെ തന്നെത്തിയ്യിലേ ദഹിയ്ക്കുവാൻ?

൫. തീക്കെടല്ലൊപ്പം തീരേ മറഞ്ഞു മാർത്താണ്ഡാംശം;
ബാക്കിയങ്ങൊരു ചാരവെളുപ്പുണ്ടിനി മായാൻ;
കൈക്കുടന്നയിൽക്കോരിയെടുത്ത ഗംഗാംഭസ്സാ–
ലൃക്ഷമന്തണർ മുല്ലാട്ടദകക്രിയ ചെയ്തു.
ഒരു ചെഞ്ചോരക്കുഞ്ഞായ്പ്പിറന്നു പകൽ; പിന്നീ–
ടൊരു ചെഞ്ചോരക്കുഞ്ഞായ്ത്തന്നെ മൃത്യുവും പൂകീ;
ഒന്നുപോലെയോ രണ്ടും,മുദയാസ്തമയങ്ങ–
ളെന്നു പേരിടാവുന്ന ജനനമരണങ്ങൾ!

൬. അത്ര്യയംവരെയുമേ ലോകത്തെത്തെളിയിച്ച
വർത്തിച്ച പകലിൻെറ താദൃശപ്രശസ്തിയെ,
കത്തിന ദീപങ്ങളാം കനകലിപികളാൽ–
ക്കൊത്തിച്ചു മോൺഗീർക്കോട്ട, താരകങ്ങളാൽദ്ദ്യോവും.

Digitized By Kerala Sahitya Akademi

മിത്രമേ, മഗധേശദുർഗ്ഗമേ, പകൽകൊണ്ടെ-
ന്തേ?— സ്തമിച്ചിരിക്കുന്നു നമ്മുടെ സൂര്യൻ പണ്ടേ:
അദ്ധ്വരാവിരുളിങ്കലല്ലയോ നട്ടുച്ചക്കും,
ദുസ്തരാസ്വാതന്ത്ര്യത്താൽ ജഡമീയസ്സാമ്രാജ്യം!
തമ്മിലേററുടൻ ചീന്തിച്ചോര ചാടിപ്പാൻ നിന്നാർ
നമ്മുടെ കടുദർപ്പദംഷ്ട്രരാ നൃപവ്യാഘ്രർ;
അച്ചോരയൊഴുക്കത്തിലൊലിച്ചുപോയീലെന്തെ-
ന്തച്ഛസൌഭാഗ്യം ധർമ്മഭൂവിതിൽനിന്നന്നന്നായ്?
കളിരേറിയ മഞ്ഞിൽക്കുതിർത്ത നിലാവാലേ
വിളറും മകരവെൺനവമീനിശയിതും
വന്നപാടിന്നു പോയിക്കൊള്ളുമേ യാമം മൂന്നാ-
ലെൻനാടിൻ നെടുരാത്രിയ്ക്കെപ്പൊഴോ പുലർകാലം!

Digitized By Kerala Sahitya Akademi

# ൪. ഗുരുനാഥന്റെ തൂവൽ

## I

൧. ഗുരോ, വണങ്ങാ,മിസ്സമുഹൂർത്തം തൊട്ടെ-
ന്നരുമക്കുഞ്ഞിവൻ ഭവാന്റെയും മകൻ.
ഇതാ, സമർപ്പിച്ചു തൽപദാന്തികത്തിലൊ-
രിളംതലയെയെൻലഘുകുടുംബവും,
സകരുണം ഭവത്സരസ്വതിയാൾക്കു
മുകരാനും മൂർദ്ധനി ഗ്രഹിപ്പാനും.
ചെറുശിരസ്സിതിലജനെന്താണാവോ
കുറിച്ചിരിക്കുന്നത,റികവയ്യല്ലോ;
ഉറപ്പുണ്ടിങ്ങി,തിൽ ശുഭാക്ഷരങ്ങളെ
വരയ്ക്കുകയുള്ളൂ ഭവാനുടെ തൂവൽ.

൨. ഒരു പനിനീർമൊട്ടിതാ, കാത്തുനില്പൂ
വിരിയുവാൻ വിദ്യാപ്രസാദോദയത്തെ.
'അതേ, വിദ്യാഭ്യാസം'—മസീനി ചൊന്നപോ-
ലി,'തിലടങ്ങിയെൻ വിവക്ഷിതമെല്ലാം.'
അഹോ, നാലക്ഷരമിതു നാലാഴിയാ-
ണ,ഗാധതകൊണ്ടുമപാരതകൊണ്ടും!
കടലാസ്സിൽക്കാണും ലിപികളോടൊപ്പം
പഠിക്കാവൂ തവ പടുതയാലിവൻ,
ഇടംപെടും വാനിൽ വിഭാവരി കുറി-
ച്ചിടുന്ന കാഞ്ചനാക്ഷരനിരയെയും!

Digitized By Kerala Sahitya Akademi

പിറന്നവരെല്ലാവരുടെയും പോലി-
ച്ചെറുനരൻെറയും കരൾനെരിപ്പോടിൽ
അറിവെരികനലുകളിട്ടിട്ടുണ്ടാ,-
മിരുളിനെപ്പോക്കും പ്രകൃതിയമ്മതാൻ;
മുറയ്ക്കവ കത്തിജ്ജ്വലിച്ചുകൊൾവാനോ,
മറവിയാകുന്ന മുകൾവെണ്ണീറിനെ
പതുക്കവേ തോണ്ടിയകററുക വേണം;
അതിന്നുള്ള കോലീത്തവ തൂലികയാം.

## II

ന. അനങ്ങാതേ നിന്നനിലയിൽ നില്ക്കണം
മനുഷ്യനെന്നാംമാററ,വൻെറ കാല്ക്കളിൽ
പിണച്ചിട്ടുകെട്ടുമിരിമ്പുചങ്ങല
മൃണാളനൂൽ പോലേ വലിച്ചുപൊട്ടിപ്പാൻ
കരുത്തുടിയ്ക്കു, നിൻ കുരുന്നുകൈകൾക്കി-
ക്കളരിയാശാൻെറയുഴിച്ചിലാൽക്കഞ്ഞേ!
പുരോഗതിയിൽ നേരിടും തടസ്സമോ-
ടൊരു 'മറി' ഗുസ്തി പിടിയ്ക്കുമ്പോഴെയ്ക്കും
കിതപ്പിളകാതെ, വിയപ്പിയലാതെ,
പതച്ച് പററാതെ, തളച്ച് തട്ടാതെ,
പഴയ ഭാരതത്തിലെ നെഞ്ചാകാവു
പുതിയ നെഞ്ചിതി,ങ്ങെഴും പയററിനാൽ!

ര. തടവുപുള്ളിയായ്പ്പരികില്ലി,പ്പാഠ-
കുടീരത്തിൻ നാലുചുമരിനുള്ളിൽ നീ;

Digitized By Kerala Sahitya Akademi

വളൎത്തുവോർ ചൊല്ലിക്കൊടുത്തതേ ചൊല്ലും
കിളികൾതൻ കൂടല്ലണഞ്ഞതെന്മകൻ.

നരൻ പഠിപ്പതും ഗ്രന്ഥാവലി മാത്രമല്ല,
ചിരം വായിപ്പതും നീ ഗുരുജനാനുഗൻ,
പ്രകൃതി കേവലം തുറന്നുവെച്ചൊരി
പ്രപഞ്ചകാവ്യത്തിൻ ചില വരികളും.

൩. രവിബിംബത്തിൽനിന്നിരവരുതിയിൽ-
ച്ചൂവി ഞാന്ന പൊന്നിൻനെടുംകമ്പികളെ
പിടിച്ചു കേറിച്ചെന്ന,തിൻ പിന്നിൽ വിള-
ങ്ങിടും തേജസ്സിന്റെ കെടാവെളിച്ചത്താൽ
ഇരുൾ നീങ്ങി,സ്സ്വച്ചരാചരങ്ങളു-
മൊരേ കുടുംബമെന്നതു കണ്ടറിയാൻ—
അഗണ്യമാമൊരു മണൽത്തരിയെയും
സഗൎവ്വനെയെന്നപിധം സ്നേഹിപ്പവാൻ—
പരിശീലിപ്പുട്ടേ തവ കൊച്ചാത്മാവി,-
ഗ്ഗുരുപ്രവരന്റെ സുശിക്ഷണങ്ങളാൽ!
അടവികൾക്കുള്ളിലിലകളാൽത്തീൎത്ത
കുടിലിങ്കൽ വാണ പുരാതനഷിമാർ
ഉലകു പാൎത്തകമുണൎന്നു പാടിയ
പല പല സനാതനഗാഥകളും,
നിശി മരക്കൊമ്പിൽ നിലാവിനാൽ വെള്ളി-
ക്കസവിട്ട പച്ചത്തിരശ്ശീലയാലേ
മറഞ്ഞിരുന്നു പൂങ്കുയിലുകൾ പാടും
നിരക്ഷരഗാനങ്ങളുമൊരുപോലേ,

Digitized By Kerala Sahitya Akademi

അറുതിയററെങ്ങും നിറഞ്ഞിരിപ്പതാ-
മൊരു നിശ്ശബ്ദതയുടെ മാറെറാലിയായ്
സവിസ്മയം കേൾക്കപ്പെട്ടമാറാകട്ടേ
സുവാദ്ധ്യാത്മിൻ, നിൻെറയിളംചെവികളാൽ!

൭. അടിത്തട്ടിൽവെച്ചേതൊരു ഗന്ധർവനോ
പടുവീണ മീട്ടുന്നതായ്ത്തോന്നുംവണ്ണം,
നറുമൃദുലമാമലയൊലിയൊടേ
നദികൾ മന്ദമായൊഴുകിടുന്നതും;
മഴക്കാലങ്ങളിൽ സ്വയംതന്നേ നെയ്ത
മരകതപ്പൈംപുല്ലണിച്ചകലാസ്സാൽ
പുതച്ച സൌഭഗം പുലന്ന കുന്നുക-
ളുതാതിടം തലയുയർത്തിനില്പതും;
പല ചായങ്ങളാൽ,പ്പരന്ന സന്ധ്യാഭ്ര-
പ്പലകമേലേതോ പരോക്ഷമാം ഹസ്തം
മിഴികവരുന്ന വിവിധ ചിത്രങ്ങ-
ളെഴുതിയും മാച്ചും പരിശ്രമിപ്പതും;
തിരുവന്തിക്കതിരവൻതങ്കക്കപ്പൽ
പെരുംകടലിലെയ്ക്കിറക്കിയ വാനം
ചെറുതിടകൊണ്ടങ്ങുഡുക്കളാമൊളി-
പെറും രത്നങ്ങളെ നിരത്തിവെപ്പതും
തവ ചൂണ്ടിക്കാട്ടിത്തരുമിടയ്ക്കിട-
യ്ക്കു,വക്രമാകുമീ വിനേതാവിൻതുവ്വൽ.

---

Digitized By Kerala Sahitya Akademi

## ൭ പൂർണ്ണവിശ്രമസൌഖ്യം

൧. എപ്പൊഴെന്നില്ലെ,ങ്ങെന്നില്ലെ,ങ്ങിനെയെന്നി
(ല്ലുടൽ-
ക്കപ്പൽ മുങ്ങലും, പാന്ഥർ ചാകലും പ്രപഞ്ചത്തിൽ!
ജീവിതം ഭേസിപ്പിന്നിൽത്തെളിയ്ക്കപ്പെടുകയാം
പാവങ്ങൾ, മരണത്തിൻ പൊതിക്കന്നുകൾ നമ്മൾ!

൨. ആശാനാം കൃതിപ്പൂർണ്ണമാണ്ടുപോൽ കാലാംഭ
അശകളലിഞ്ഞുപോയ് മാദ്ദശക്തോടൊപ്പം: (സ്സിൽ;
വേണാട്ടിന്നൊരു പൌരശ്രേഷ്ഠനും, ഭൂസുരാമ-
ക്ഷോണിയ്ക്കു നവോല്ലേഖനായൊരു കവീന്ദ്രനും,
ഈഴവക്കൊരു മഹാനേതാവും—ഹതവിധി
പാഴാക്കിവിട്ടാനെല്ലാമൊരടിയ്ക്കന്നേ വേണ്ടു!

൩. ഏറെനാൾ നിലനില്ക്കും സമ്പത്തു ചുരുങ്ങിയ
കൈരളീമാതാവെ—ന്തൊന്നോതേണ്ടു സഖാവേ,
(ഞാൻ—
കവനലക്ഷ്മിയ്ക്കൊരു കനകകമലമാം
ഭവദാസ്യത്തെത്തന്നെ നോക്കിക്കൊണ്ടിരിയ്ക്കവേ,
അദ്ദിവ്യകുസുമത്തെയാശു നീർപ്പിശാചിൻ ക-
യ്യത്യഗാധമാമിരുൾപ്പാതാളത്തിലെയ്ക്കാഴ്ത്തീ!
കോട്ടയത്തൊരു സഭയ്ക്കദ്ധ്യക്ഷനാവാനത്ര
നാട്ടിൽനിന്നമ്മേ, പോന്നു ശ്രീമാനാം കുമാരൻ തേ;
ആ യാത്ര മടങ്ങാത്തതായി നിൻ ദൌർഭാഗ്യത്താൽ—
കായലിൻ തിരയന്നു മൃത്യുവിൻ കയറായീ!

Digitized By Kerala Sahitya Akademi

൪. 'അച്ഛനിങ്ങെന്താണമ്മേ, തിരിച്ചുവരാത്തതെ'-
ന്നച്ചെറുമുഖങ്ങൾതൻ ചോദ്യങ്ങൾ തുടരവേ,
അവതൻ പിതൃതൃഷ്ണസ്സൌന്ദിനാൽ ശമം നല്കം
തവ ഗേഹിനി ധീമൻ, തപ്തമാം കണ്ണീരാലോ!
ആശാനാം ഭവാൻ ഞങ്ങൾക്കുലകിൻ ക്ഷണികത്വം
പേശലകാവ്യങ്ങളാൽ പലപാടോതിത്തന്നു;
എങ്കിലും ത്വദകാലനിൎവ്വാണമിയ്യുള്ളോൎക്കു
സങ്കടതമസ്സിനാലന്ധത പെടുത്തുന്നു.

൫. താവകകവിതയീ പ്രകൃതി'നളിനി'യിൽ-
ക്കാർവണ്ടിൻ പിടപോലെ ലീലയാ തത്തിപ്പാറി;
'ഗ്രാമവൃക്ഷത്തിൽക്കുയിലാ'യ് നിന്നു കൂകിസ്സരി-
സ്തോമത്തിന്നെന്നെന്നേയ്ക്കും വാസന്തോത്സവമേകി!
അത്ര്യയമകൃത്രിമാലംകാരവൈചിത്ര്യത്താൽ-
ച്ചിത്തത്തെയാവൎജ്ജിയ്ക്കും ത്വൽപ്രൌഢകവിതയെ
പുഷ്ടകൌതുകനാംഗ്ലരാജേന്ദ്രപുത്രൻ പേൎത്തും
പട്ടകൾ ധരിപ്പിച്ചു, ചാൎത്തിച്ചു പൊൻകാപ്പുംപോൽ.

൬. പാതാളംവഴിയ്യൂൎദ്ധ്വലോകമേ പൂകീ ഭവാൻ:
ത്വാദൃശവിശിഷ്ടന്മാർ താഴ്മയാലുയരുവോർ.
നില്ക്കുകെൻ വിലാപമേ: നിൻെറ തിക്ഷ്ണത മുള്ള-
വെയ്ക്കൊലാ പരേതനാം സുഹൃത്തിൻ സന്മാൎഗ്ഗത്തിൽ.
ജീവിതപ്രവാഹത്തിൽ യാത്രചെയ്കനായാസ-
മാ വിശാലതയിൽപ്പോയ് ലയിച്ചാനദ്ദേഹം, ഹാ;
സിദ്ധിയ്ക്ക തദാത്മാവിന്നാദിമപ്രകൃതിതൻ
പൊൽത്തിരുമടിത്തട്ടിൽപ്പൂൎണ്ണവിശ്രമസൌഖ്യം!

Digitized By Kerala Sahitya Akademi

# ൯. സ്ത്രീകൾ

൧. ഗംഭീരവിശാലാത്മാവംഭോധി, വീണ്ടും വീണ്ടും
പിമ്പോട്ടു പിടിച്ചുന്തും വേലയെക്കനിയിപ്പാൻ,
കമ്പമാർന്നുമിളും കൊണ്ടുവന്നുപദയായ്
മുമ്പിൽ വെച്ചു,വളുടെ കാല്ക്കൽ വീണുരുളുന്നു;
മോടിയില്ലുപരിസ്ഥർ താരങ്ങൾ തങ്കപ്പൂവും
ചൂടിപ്പൂ കറുത്തിരുണ്ടുള്ള രാത്രിയെപ്പോലും;
ഔന്നത്യമധോഗതി പററിയ പകലോനെ-
യുദ്ധരിച്ചരുളുവാനുഷസ്സെന്നവൾ വേണം—
നാരിയാൽ പരതന്ത്രൻ പുരുഷനവളിൽത്താൻ
പാരതന്ത്ര്യത്തെച്ചുമത്തീടുന്നു ശാസ്ത്രോക്തത്താൽ.
ഉൽക്കർഷമേറും തങ്ങൾക്കെന്നാക്കി വെപ്പാനാശ-
യുൾക്കൊണ്ട നരന്മാരതൻ നാരായത്തലപ്പുകൾ,
ധൃഷ്ടമാം പനയോലയോടെന്തു മന്ത്രിച്ചാലും-
മിക്കണ്ട പാരിന്നെല്ലാമുററതാങ്ങ്'ബല'താൻ.

൨. എങ്ങിനെ ശരിക്കേന്തും ജീവിതഭാരം നര-
നി,ങ്ങൊരു നതമാം തോൾ തുണപ്പാനില്ലെന്നാകിൽ?
ശ്രേഷ്ഠയാം ശ്രീമാതെത്രനാൾ വാഴും, തനിക്കൊരു-
ക്കൂട്ടുകാരിയാം സ്ത്രീയെക്കാണാത്ത ഭവനത്തിൽ?
പൂനിലാവിനു നിറമെത്രകണ്ടുണ്ടാം, പ്രേമ-
പൂർണ്ണമാം പുരന്ധ്രിതൻ പുഞ്ചിരി ചേരാത്തേടം?
കാന്തിയും കലകളും പുഷ്ടിയും സന്തുഷ്ടിയും
ശാന്തിയുമെല്ലാം ദേവഭാഷയിൽ സ്ത്രീശബ്ദങ്ങൾ;
ആദിമപ്രകൃതിയും സ്ത്രീത്വമേ വഹിക്കുന്നു;
സ്ത്രീതന്നേ പരാശക്തി; സത്തയും ചിത്തും സ്ത്രീതാൻ!

Digitized By Kerala Sahitya Akademi

# ൧. നൂൽപ്പമ്പരം

൧. ഭൂരിശോഭം തിരിച്ചുവരേണമേ
ഭാരതത്തിന്റെ പോയ നൂറ്റാണ്ടുകൾ,
നൂലുനൂല്ക്കുമിപ്പമ്പരമാം ചെറു-
കാലചക്രം തിരിയും തിരിച്ചിലിൽ!

൨. ഭാരതോർവ്വിതൻ കുഞ്ഞുങ്ങൾ കൊച്ചുകൈ-
ത്താരിനാൽ നൂല്ക്കുമച്ഛമാം നൂൽച്ചാർത്തും,
ചെമ്മണിയിളംചുണ്ടാലുരുവിടും
ബ്രഹ്മസൂത്രവുമത്രേ, സ്വവസ്ത്രത്തെ
ആഢ്യമായ് നല്കി മറ്റു രാജ്യങ്ങളിൽ-
പ്പാർത്ത മർത്ത്യർതൻ മൈക്കുമാത്മാവിനും.
അന്നു,നാഗ്ലവിചിത്രവസ്ത്രങ്ങളു-
മന്യനാനാപദാർത്ഥങ്ങളും കേറ്റി
ദൂരദേശാന്തരങ്ങളിലെത്തു പോം
ഭാരതപ്പെരുംകപ്പലോരോന്നിനും
എത്രയെത്രയുണ്ടായിരുന്നു കനം?—
അബ്ധികൾക്കു വാഗിന്ദ്രിയമില്ലല്ലോ!

൩. പണ്ടു ഭാരതം നൂൽനൂല്പു നെയ്ത്തു കൈ-
കൊണ്ടു സാധിച്ചപോലവേ സാധിപ്പാൻ
ആവതില്ലാഞ്ഞുഴറിയലറുന്നു,
തീവിഴുങ്ങികളിന്നത്തെ യന്ത്രങ്ങൾ!
നൂല്പണിത്തരമിങ്ങത്ര മേത്തരം
നാല്പതൈമ്പതു നൂറ്റാണ്ടിനു മുന്നേ.



Digitized By Kerala Sahitya Akademi

യന്ത്രവസ്ത്രം തരുണിമാർ കൈവിരൽ-
ച്ചെന്തളിർകൊണ്ടു തൊട്ടുനോക്കുംവിധൌ,
ഇപ്പഴംകഥ വർണ്ണിപ്പതുണ്ടാവാ-
മിപ്പൊഴും ചില വൃദ്ധമാരീജ്ജിഷ്ണ്ണിൽ:—
"എങ്ങിനിക്കിട്ടുമമ്മോടി മക്കളേ?
നിങ്ങൾതൻ മുത്തുമുത്തശ്ശിമാരെല്ലാം,
ഇന്ത്യതൻ കൈകൾ നിർമ്മിച്ച പട്ടത്രേ
ഹന്ത, മേടിച്ചുടുത്തിരുന്നു ചിരം!"

൪. പാടമൊക്കയും കാലേ മരകത-
പ്പച്ച വീശിത്തുടങ്ങുന്നതോടൊപ്പം,
പഞ്ഞിയാം വെള്ളി പാറിപ്പറന്നെത്തി-
പ്പററുകയായ്ക്കൃഷകൻെറ കൈകളിൽ;
ഒട്ടനാൾകൊണ്ടവൻെറയുദാരമാം
പെട്ടിയിങ്കലോ പൊന്നുനാണ്യങ്ങളും.
നീണ്ടൊഴുകിന സമ്പന്നദിയതിൽ
നീർച്ചുഴികൾപോലത്രേ വിലസിച്ചു,
മദ്ധ്യഭാഗേ നരസ്ത്രീത്ത നൂൽച്ചുററോ-
ടൊത്തു ചുററിത്തിരിഞ്ഞിടും തക്ലികൾ!

൫. ചക്രംവെച്ചു തിരിച്ചു നൂൽ നൂല്ക്കുക
ശക്യമല്ലാത്ത പിഞ്ചുകൈകൾക്കിതാ,
തക്ലി; തോഴരേ, താങ്കൾക്കിതുകൊണ്ടേ
ഭഗ്നജീവിതവണ്ടിയ്ക്കു വട്ടിടാം.
ഈ ലഘുത്തക്ലി പണ്ടി,ളാമണ്ഡലം
പോലെ വട്ടംതിരിഞ്ഞു തിരിഞ്ഞഹോ,

Digitized By Kerala Sahitya Akademi

ദില്ലിയാം രാജധാനിയിൽ മേവിന
പള്ളിമങ്കപ്പനിനീരലർകളെ
ഈടെഴും 'പുലർകാലമണഞ്ഞെ'ന്ന പ-
ട്ടാട ചാർത്തിച്ചിരുന്നു ദിനേ ദിനേ.

൬. തൂമയെന്ന കളുവാലതാതിടം
പേമലമലിളിച്ചുകാട്ടീടവേ,
അത്രയും കെട്ട നീതിതൻ ദുർഗ്ഗന്ധം
മദ്യശാലയിൽനിന്നു പരക്കവേ,
എങ്ങിനെ കനിഞ്ഞുൾപ്പൂകമിന്നാട്ടിൽ
മംഗളാഢ്യയാം സ്വാതന്ത്ര്യലക്ഷ്മിയാൾ?
വന്നണയുമാ വന്ദ്യാതിഥിയ്ക്കുള്ള
വൻനിറകുട,മിമ്മധുകുംഭമോ?
പാദ്യമേന്തി,പ്പരസ്പരസ്പർദ്ധക-
ളാർത്തൊലിപ്പിച്ച മാനുഷരക്തമോ?

൭. ഈയിളയിൽക്കിടന്നുകൂടാ വിദേ-
ശീയനൂലിൻറെയൊററയിഴപോലും:
ആയതു മതി, ദൂരാൽ വരും ജയ-
ശ്രീയുടെ മുന്നിൽ നൂല്പാലമായ് നില്പാൻ;
ഉണ്ടൊരു തുള്ളി മദ്യമെന്നാകിലോ,
കുണ്ടുനീർക്കിടങ്ങാകാനതും മതി!

൮. ശാന്തിദേവതാനുഗ്രഹത്തൂക്കയ്യാം
ഗാന്ധിതൻ തൊപ്പി ചൂടിയ ബാലകര,

Digitized By Kerala Sahitya Akademi

ഇമ്പമോടെ തിരിയ്ക്കുവിനിക്കളി-
പ്പമ്പരം;—മിതിൻ വെൺനൂലുപോലവെ,
നഗ്നതവിട്ട നാട്ടുകാർതൻ മുഖ-
ത്തുൽഗ്ഗമിയ്ക്കട്ടെ നിർവൃതിപ്പുഞ്ചിരി!

Digitized By Kerala Sahitya Akademi

## ൮. പ്രകൃതിയുടെ മനോരാജ്യം

൧. അരുണച്ഛായംതേച്ച വാരുണിച്ചുവരിന്മേൽ
കരിയാൽ'ക്കക്രാപുക്രാ' വരച്ചാനങ്ങിങ്ങാരോ;
നര,നീ നന്നായ്ക്കെട്ടും കോട്ടമേൽക്കൂടെക്കൂടെ-
ത്തെറിപ്പിയ്ക്കാറില്ലേ ചേറ,ജ്ഞാതമേതോ ഹസ്തം!
അഥവാ ചുകന്നൊരു പരസ്യക്കടലാസ്സോ
പതിച്ചു കാണാകുന്നു പശ്ചിമവ്യോമാന്തത്തിൽ?
കാർമുകിൽക്കഷ്ണങ്ങളാമക്ഷരങ്ങളാലതു
യാമിനീവരവിനെപ്പരക്കെയറിയിപ്പൂ.
എത്രനന്നേ,വം മുല്ലാടറിയപ്പെട്ടിട്ടാണു
മർത്ത്യനു വെളിച്ചംപോയിരുൾ ചേരുവതെങ്കിൽ!

൨. കാർനുറുങ്ങുകളിഴഞ്ഞൊത്തുചേർന്നു,പരാദ്രി-
ക്കാവിമൺതിട്ടിലൊരു കാട്ടാനക്കിടാവായി;
അല്പനേരത്താലതും, ദിവ്യകാമുകർ കേളി-
സ്സൾപ്പുകിയേസ്സുമൊരു പച്ചിലക്കാവായ് മാറി.
ഒട്ടിടയ്ക്കൊരു മൃഗ,മൊട്ടിടയ്ക്കൊരു ഖഗ,-
മൊട്ടിടയ്ക്കൊരു നഗ,മൊട്ടിടയ്ക്കൊരു നാഗം—
മറ്റെന്തെന്തുടനുടൻ പൂണ്ടീല മേഘാംശങ്ങൾ?
കെട്ടിയിട്ടുണ്ടാം നാനാവേഷമിങ്ങിനെ ഞാനും!

൩. കാരിരിമ്പണിക്കപ്പലൊന്നതാ, തീക്ക്പ്പെട്ടു
കാറിനാലന്തിച്ചുകപ്പായ ചെങ്കടലിങ്കൽ;

Digitized By Kerala Sahitya Akademi

ദൂരത്തെയ്ക്കു,തിൽക്കേററിക്കൊണ്ടുപോകയില്ലല്ലീ
സാരമാംനിൻ ചെംപൊന്നിതൊക്കെയും സായം
(സന്ധ്യേ!

ആറേഴ മുഴത്തോളം ഗമിച്ചക്കപ്പലൊരു
പാറമേലടിച്ചപോലുടഞ്ഞു ചിതറിപ്പോയ്;
ഞൊടിനേരത്തെയ്ക്കുതിൻ നെടുതാം ചില കണ്ണം
തുടുവെള്ളത്തിൽപ്പൊന്തിക്കിടക്കും മുതലയായ്.

൮ എന്നിതംബികേ, വിശ്വകൎത്തിയാമവിടുന്നി–
ന്നെന്മനോരാജ്യങ്ങളെ—യെൻപകൽസ്വപ്നങ്ങ
(ളെ—

നവമാമേതോ ഛായാഗ്രാഹിയന്ത്രത്തിൽപ്പക–
ൎത്തിവനെക്കളിയാക്കാൻ ലോകരെക്കാണിയ്ക്കുയോ?
ഭവിയ്ക്കുന്നീലേതും മേ ലജ്ജ നിൻ പരിഹാസാൽ:
ഭയവും വറുതിയും വളൎന്ന ഭുവനത്തിൽ
വാട്ടമററുയിർക്കൊൾവതെങ്ങിനെ, മനംകൊണ്ടു
കോട്ടകെട്ടലും കപ്പൽവെയ്ക്കലുമില്ലാതീ ഞാൻ?

൯. അല്ലെങ്കിലെന്നെപ്പോലെ,യോരോരോ മനോ
(രാജ്യം

കൊള്ളുമാറുണ്ടോ വൃഥാ കല്യയാം പ്രകൃതിയും,
എൻേറതുപോലല്ലാതെ മൂൎത്തമായ് വെളിയിൽവ–
ന്നെപ്പേക്ഷും മിഴികൊണ്ടു കാണാവതാകുംവണ്ണം?

Digitized By Kerala Sahitya Akademi

# ൯. യുവവിദ്യാർത്ഥികളോട്

൧. താരുണ്യത്തുടുപ്പാർന്ന നിങ്ങൾതൻ മുഖത്തത്രേ
തായയാം ധരണിതന്നാശ തങ്കിന നോട്ടം:
വ്യായാമസുദൃഢങ്ങളാക്കുവിൻ ബാഹുക്കളി;-
ഞ്ഞായിരക്കണക്കിനുണ്ടിവയാൽത്താങ്ങേണ്ടുന്നോർ.
എന്തു, കിഞ്ചനരിവരെന്നു തള്ളാതേ, സ്വാർത്ഥം
ചിന്തിച്ചെങ്കിലുമിപ്പാവങ്ങളെക്കൈക്കൊള്ളുവിൻ:
സൂന്നവും രണ്ടെണ്ണം തൻ വലത്തുചേർന്നാലൊന്നു
തന്നെയിങ്ങൊരുനൂറാം; സൽബലം സംഘബലം!

൨. ഐക്യനൂൽ നൂററിടേണം, പാകേണമൂണ (വിൻവി-
ത്തു, ക്രൂരമനാചാരത്തല്ലുകൾ തടുക്കേണം,
പാരതന്ത്ര്യാതങ്കത്തിൻ താഴികക്കുടങ്ങളാം
ചാരായക്കുടങ്ങളെക്കടലിലെറിയേണം—
എന്തെന്തു ചെയ്യാനില്ല നിങ്ങൾതൻ കൈകൾ (ക്കിങ്ങു?
ഹന്ത, സർവ്വുമിതേക്ഷണത്തിൽ വേണംതാനും.
വ്യർത്ഥമായ്ച്ചെലവാക്കിക്കളയാൻ സമയവും,
നിത്യതന്ദ്രിയാൽത്തണുപ്പിക്കുവാൻ മെച്ചോരസ്സും,
ക്ഷുദ്രചിന്തനങ്ങളിൽച്ചെലുത്താൻ തലച്ചോറും
മർത്ത്യക്കു കൂട്ടിത്തന്നിട്ടില്ലല്ലോ നമുക്കീശൻ!

൩. ഹേ യുവാദ്ധ്യേതാക്കളേ, യൌവനമാമീ പ്രായ-
മായുസ്സാം മലർമൊട്ടിൻ മഞ്ജുളവികാസമാം;

Digitized By Kerala Sahitya Akademi

ആയതിൻ സൌരഭ്യത്തെയൊട്ടൊട്ടു, ചൂഴെച്ചേരു-
മാതുരവിനിശ്വാസവായുവിന്നേകാമെങ്കിൽ,
എന്തതിൽപ്പരമൊരു ഗന്ധോപഹാരം ദീന-
ബന്ധുവാം ജഗദീശന്നപ്പിയ്ക്കേണ്ടു നിങ്ങൾ?
എങ്ങിനെയായാലുണ്ടാകില്ലപസ്വരമൊന്നു-
മങ്ങിങ്ങു ദാരിദ്ര്യാധിവ്യാധിതൻ ഞെരുക്കത്താൽ,
അങ്ങിനെ പെരുമാറുകലകിൻ തന്ത്രികളിൽ
നിങ്ങൾതൻ കലാവിരുതാന്ന കൈവിരലുകൾ!

൪. ഇരുളിലാണ്ടുകിടക്കുന്ന പാഴ്കുടിലുക-
ളൊരുപാടിങ്ങുണ്ടല്ലോ നമ്മുടെ ചുഴലവും;
അതുകൾക്കുള്ളിലൊരു വെളിച്ചം കാണിപ്പാനായ്-
സ്സുതരാം ജ്വലിപ്പിപ്പിൻ നിങ്ങൾതൻ വിജ്ഞാന
(ത്തെ!

Digitized By Kerala Sahitya Akademi

## ൧൦. പൊട്ടാത്ത പൊൻകമ്പി

൧. ഇന്നലെയോളവും സംശയാധീനർ നാ;-
മിന്നോ, പിഴയ്ക്കാതണഞ്ഞുപോയ് തീച്ച്യയിൽ:
ഇന്നലെത്തെയിരപ്പാളികളല്ല നാ,-
മിന്നു ശമത്താൽപ്പോരും പടയാളികൾ.
പൊക്കിപ്പിടിച്ചുകഴിഞ്ഞു നാം സ്വാതന്ത്ര്യ-
പുഷ്കരത്തോളം സ്വരാജ്യപതാകയെ;
ഇക്കൈകളറ്ററ്റു വീണാലു,മിങ്ങിതു
നില്ക്കേണമെള്ളിട താഴാതനാരതം.
വക്കൊടിക്കൂറയ്ക്കാരങ്കമാം ചക്രമേ,
നിങ്കൂട്ടർ നീട്ടിയ വെൺപഞ്ഞിനൂലുകൾ,
നീരറ്റ തൊണ്ടകൾക്കെല്ലാം നറും ക്ഷീര-
ധാരകളാകേഴുലക്ഷമൂരിങ്കലും!
സത്വഗുണത്താൽപ്പുലർത്തുക വെണ്മയെ,-
ബ്ഭദ്രാനുകമ്പയാൽപ്പച്ചനിറത്തെയും;
ഇത്തൃക്കൊടിതൻ തുടപ്പിനോ, തൂകാവു
നിസ്തർക്കമായ് നാം സ്വജീവരക്തത്തെയും!

൨. നേരേമറിച്ചു, പരപ്രാണവായുവാൽ
പാറിച്ചിടാ നമ്മൾ വെറ്റിക്കൊടികളെ:
വൈരമല്ല,ണ്ടയായ് സ്നേഹമാണി,ന്ത്യതൻ
പീരങ്കിയിൽ നിറപ്പിപ്പതസ്മൽഗ്ഗുരു.
വാൾതോക്കുകുന്തങ്ങൾകൊണ്ടെതിരാളർതൻ
മൈതന്നിൽനിന്നൊലിപ്പിച്ച ചെഞ്ചോരയാൽ

Digitized By Kerala Sahitya Akademi

ഓതം പിടിച്ച നിലത്തല്ല, ഭാരത-
സ്വാതന്ത്ര്യമേടയ്ക്കടിക്കല്ലിടുന്നു നാം.
നഷ്ടമായ് സ്വസ്വമെന്നാകിലും, സമ-
സൃഷ്ടരിൽശ്ശസ്ത്രം വിടില്ലൃഷിനാട്ടുകാർ;
വെട്ടിനു വെട്ടെന്ന വീരധർമ്മത്തെ നാം
വെട്ടിത്തിരുത്തുമഹിംസാക്ഷരങ്ങളാൽ.
ഏതൊരാപത്തുമെതിർത്താലെതിർക്കട്ടെ:
നീ തൊട്ടുപോകൊലാ പാഴ്ക്കൊലയായുധം,
ഗൌതമബുദ്ധൻെറയമ്മയാമൂഴിതൻ
പാദം തലോടും പവിത്രകരൌഘമേ!

൩. ഭീരുക്കളാകൊലാക്ലേശത്തെയോർത്തു നാം;
സാരസൌഖ്യത്തിന്നിതുററ വിളനിലം:
ചേറിൽനിന്നുണ്ടായ്‌വരുന്നു ചെന്താമരമലർ;
പാരിന്നുഷസ്സിനെ നല്കുന്നു രാവിരുൾ.
വിണ്ണിലണഞ്ഞുഗ്രവജ്രാഭിഘാതവു-
മെണ്ണാതെ പീയൂഷമാഹരിച്ചോജസാ
അമ്മയ്ക്കു ദാസ്യം വിടുത്തവനല്ലയോ,
നമ്മൾതന്നന്തരിക്ഷത്തിലെപ്പക്ഷിയും!

൪. മംഗളം ദേവി, സഹിഷ്ണുതേ;പ്രീതിപൂ-
ണ്ടങ്ങുന്നു ചെയ്ക രസതന്ത്രവേലയാൽ,
എങ്ങിനെയാകിലും പൊട്ടാത്ത പൊൻകമ്പി
ഞങ്ങൾതാൻ നെഞ്ചുഞെരമ്പിതോരോന്നുമേ!

Digitized By Kerala Sahitya Akademi

# ടിപ്പണി

(എം. ഡി. ഭട്ടതിരിപ്പാട്)

## ൧. വിഷുക്കണി

൧. നീരാടിയാടി=മഴവെള്ളത്താൽ നനഞ്ഞുനനഞ്ഞ്. നിറം വളൎത്ത്=പച്ചപ്പു വൎദ്ധിച്ച്. ആൎദ്രത=നനവ്. ഗാത്രം=ശരീരം. ഭൂരിസസ്യങ്ങൾ=വളരെ സസ്യങ്ങൾ. വാരിയണിഞ്ഞ ദിഗംഗനമാർ=ആവശ്യത്തിലധികം ഉടുപ്പു ധരിച്ച ദിക്കുകളാകുന്ന സ്ത്രീകൾ. സാരസഹംസാദിനാദങ്ങൾ=വെള്ളിപ്പക്ഷികളുടേയും അരയന്നങ്ങളുടേയും മററും ശബ്ദങ്ങൾ. ഇവയുടെ ശബ്ദങ്ങളെ സ്തുതിഗീതമായി കല്പിച്ചിരിക്കുന്നു. മദേഭം=മത്തഗജം. പാലപ്പൂവിൻെറ സൌരഭ്യത്തിനും ആനയുടെ മദനീരിൻെറ മണത്തിനും സാമ്യമുണ്ടെന്നോൎക്കുക. ഗന്ധവാഹൻ=കാററ്. മധുഗൎഭം=തേൻ അകത്തുള്ളത്. ചെംപൊയ്ത്താർകൾ=ചെന്താമരപ്പൂക്കൾ. കാശങ്ങൾ=കുതിരവാൽപ്പുല്ലുകൾ. "ശുഭ്രമാം.......തമ്പുരാനോ"—അവയുടെ പൂങ്കുലകൾ കാററത്തിളകുന്നതു കാണുമ്പോൾ വെൺചാമരം വീശുന്നതായിത്തോന്നുമല്ലോ. വിഷുവം=തുലാം ഒന്നാംതിയ്യതി. സൂൎയ്യൻ തുലാം രാശിയിലേക്കു കടക്കുന്നതിനെയാണ് ശരൽക്കാലത്തിലെ വിഷുവമെന്നു പറയുന്നത്. അസാധാരണങ്ങളായ ആഡംബരങ്ങളാലും ആൎഭാടങ്ങളാലും അകമ്പടിസേവിക്കപ്പെട്ട് എഴുന്നള്ളുന്ന ഈ വിഷുവമല്ല ആൎഷഭാരതത്തിന്ന് ഉത്സവമാകുന്നത്; കാരണം, ഇത്തരം മോടിപ്പകിട്ടുകളിൽ പ്രിയമുള്ളവരല്ല, ഭാരതീയരായ ഞങ്ങൾ.

൨. എന്നാൽ മറെറാരു വിഷുവത്തെ ഞങ്ങൾ ഉത്സവമായി കൊണ്ടാടാറുണ്ട്. ആത്മീയസമ്പത്ത്=തങ്ങളുടെ സമ്പ

Digitized By Kerala Sahitya Akademi

ത്. "ആഴമുൾക്കൊണ്ട........പ്പോരുന്നുണ്ടിരിക്കേ"—പരോപകാരതൽപരതയാൽ സ്വന്തം സമ്പത്തു മുഴുവനും അന്യർക്കായി ചെലവഴിച്ച്, കുളം കിണർ മുതലായ ജലാശയങ്ങൾ സജ്ജനാദൃതമായ അകിഞ്ചനത്വത്തിലേക്കു കിഴിഞ്ഞിറങ്ങിപ്പോകുന്നു! "വെണ്ണിലാപ്പൈതങ്ങൾ........ആശ്ലേഷിക്കേ"—അഭിജാതകുടുംബത്തിലെ കുട്ടികൾ വർണ്ണാഭിമാനം (കറുത്തവരെന്നും വെളുത്തവരെന്നുമുള്ള ഭേദം) ഉപേക്ഷിച്ച്, ലോകത്തിനുവേണ്ടി വേലചെയ്തുചെയ്തു കറുത്തിരുണ്ട തൊഴിലാളികളെ സ്നേഹിച്ച് ഇടപെടുന്നതിനെ സൂചിപ്പിച്ചിരിക്കുന്നു. ജീവനം=വെള്ളം; കഴിച്ചിലിന്നുള്ള വക എന്നും. "ആമ്പൽപ്പൂ........വിടർന്നുനില്ക്കേ"—ഉൽപതിഷ്ണുക്കളെ വ്യഞ്ജിപ്പിക്കുന്നു. ആദ്യർത്തു=വസന്തം. സ്വാദ്യം=ആസ്വദിക്കത്തക്കത്. ഔദാര്യമഗ്നർ=ഔദാര്യത്തിൽ മുഴുകിയവർ. അഭേദ്യസൌഭ്രാത്രർ=നശിക്കാത്ത സാഹോദര്യത്തോടുകൂടിയവർ. ആദൃതോൽക്കർഷർ=ഉൽക്കർഷത്തെ ആദരിക്കുന്നവർ. അനാഡംബരസുന്ദരമായ ഈ വിഷുവമാണ്, ഞങ്ങൾക്ക് ആസ്വാദ്യവും ആരാധ്യവുമായിട്ടുള്ളത്; എന്തുകൊണ്ടെന്നാൽ, കേരളീയർ പണ്ടുമുതല്ലേ സുലഭൌദാര്യന്മാരാണ്; ഈടുററ സഹോദരസ്നേഹത്തോടുകൂടിയവരാണ്; ഉൽക്കർഷേച്ഛയെ മാനിക്കുന്നവരാണ്.

൩. മംഗളം=മംഗളം ഭവിക്കട്ടെ. മാധവലക്ഷ്മി=വസന്തലക്ഷ്മി. മഹാർഹ=പൂജിക്കേണ്ടവൾ. വിനീതർ=അടക്കവും ഒതുക്കവുമുള്ളവർ. പുഷ്പിതചമ്പകങ്ങൾ=പൂവിട്ട ചമ്പകങ്ങൾ. അന്യപുഷ്ടങ്ങൾ=കുയിലുകൾ. ആമ്രകങ്ങൾ=മാവുകൾ. ചൈത്രമുഖം=വസന്തമാസാരംഭമാകുന്ന മുഖം. (സുന്ദരിമാരുടെ നിശ്വാസവായുവേററാൽ മാവു പൂക്കുമത്രെ) മാൺപെഴും=മഹത്വമുള്ള. മററു നാടുകളിൽ വസന്താവിർഭാവത്തിൽ മാവുകൾ പൂത്തുതുടങ്ങുകയേ ഉള്ളൂ. മലനാട്ടിലാകട്ടേ, ഗ്രീഷ്മർത്തുവിൽ മാങ്ങ മൂത്തു പഴുക്കും—നമ്മുടെ നാട് അന്യരുടെ സ്തുതികളിൽ സ

Digitized By Kerala Sahitya Akademi

കതിവെയ്ക്കുമാറില്ല; കർമ്മത്തിൽ പ്രതിഫലേച്ഛയും വെയ്ക്കുമാറില്ല എന്നു താൽപര്യം. പൂമെയ്യാളായ—പുഷ്പസമൃദ്ധമാണല്ലോ വസന്തകാലം. കാൽക്കെട്ട്=അസ്വാതന്ത്ര്യം. ഭൂതിപഥങ്ങൾ=ഐശ്വര്യമാർഗ്ഗങ്ങൾ. വസന്തലക്ഷ്മി മുല്ലപ്പൂകൊണ്ടു ചിരിക്കുന്നതു കണ്ടിട്ട്, അസ്വാതന്ത്ര്യംമൂലം അതിഥിസൽക്കാരത്തിനു വകയില്ലാത്ത നമ്മുടെ ദയനീയതയെച്ചൊല്ലിയാണെന്ന് ആശങ്കപൂണ്ടു കവി പറയുന്നു: "അതിഥിസൽക്കാരത്തിൽ ഞങ്ങൾ പണ്ടുകാലംമുതല്ക്കേ മുമ്പന്മാരാണ്." അതിഥിയെ എങ്ങിനെയൊക്കെ സൽക്കരിച്ചാലും ഞങ്ങൾക്കു തൃപ്തി വരാറില്ല. എന്തിനേറെ? അതിഥിയുടെ മുഖമൊന്നു വിയർക്കുന്നതുകൂടി ഞങ്ങളെ അസ്വസ്ഥരാക്കിക്കളയും: "അയ്യോ.......കൊമ്പുകളിൽ"—ഭവതിയുടെ കോമളമായ മുഖം ഈ തീവെയിലിൽ വിയർക്കുകയില്ലേ? ഇതാ, വിയർപ്പൊപ്പുവാൻ, പൂത്ത കൊന്നകളിന്മേൽ മഞ്ഞക്കൈലേസ്സുകൾ തൂക്കിയിട്ടിരിക്കുന്നു. കൊന്നപ്പൂങ്കുലകളെ മഞ്ഞക്കൈലേസ്സുകളാക്കിക്കല്പിച്ചിരിക്കുകയാണ്.

൭. പുഷ്പാവൃതാശോകത്തൈകൾ=പുഷ്പങ്ങളാൽ മൂടപ്പെട്ട അശോകത്തൈകൾ. തീക്കൂമ്പാരങ്ങളിൽ പുഷ്പാവൃതാശോകത്വം ആരോപിച്ചിരിക്കുന്നു. വിഷുദിവസം കേരളത്തിൽ ചിലേടങ്ങളിൽ ചപ്പുചവറു കൂട്ടിക്കത്തിച്ചു ചെറുകുട്ടികൾ "കമ്പിരി" എന്ന് ആഹ്ലാദത്തോടെ ആർത്തുവിളിക്കാറുണ്ട്. ഇതു കേട്ടാൽ, അവർ പുതുതായ എന്തോ ആഹ്ലാദത്തെ ക്ഷണിച്ചു വരുത്തുകയാണെന്നു തോന്നും. വിഷുനാളിൽ കുട്ടികൾ പടക്കം കത്തിക്കുകയും പതിവാണ്. അതിനെ ഗൃഹങ്ങളിലെ (സദ്യയ്ക്കു വട്ടംകൂട്ടാനും മറ്റുമുള്ള)വെമ്പലാക്കി കല്പിച്ചിരിക്കുന്നു. ധ്വാനം=ശബ്ദം. മേഘഭക്ത്യശ്രു=മേഘങ്ങളുടെ ഭക്തിക്കണ്ണുനീർ. മേഷ......പ്രത്യുഷസ്സ്=മേടമാസത്തിലെ ആദ്യത്തെ പ്രഭാതം. (അന്നത്തെ വിഷുദിവസം മഴ ചാറുകയുണ്ടായി.) അതിനെ, ശ്രീവിഷുവത്തിന്റെ ആഗമനവേളയിൽ

Digitized By Kerala Sahitya Akademi

മേഘങ്ങൾക്കുണ്ടായ ഭക്തിക്കണ്ണുനീർത്തുള്ളികളായി അധ്യവസായം ചെയ്തിരിക്കുന്നു. "അക്ക........ഉരുളിയിൽ"—ഓട്ടുകൊണ്ടുള്ള ഉരുളിയിലാണ് സാധാരണമായി കണിദ്രവ്യങ്ങൾ വെയ്ക്കുക. സംക്രമപൂരുഷൻ=സൂര്യൻ. (സൂര്യൻ മേടരാശിയിലേയ്ക്കു കടക്കുന്നതിനെയാണല്ലോ വിഷുവമെന്നു പറയുന്നത്.) താമസസങ്കടം=താമസഗുണ (അജ്ഞാന)മാകുന്ന ക്ലേശം. സഹസ്രഭാനു=സൂര്യൻ. മണിമയനിഷ്കം=രത്നംകൊണ്ടുള്ള പതക്കം. (വിഷുക്കണിപ്പാത്രത്തിൽ ഒരു പുരാതനഗ്രന്ഥം വെയ്ക്കാറുണ്ട്; അതിന്മേൽ ഒരു സ്വർണ്ണാഭരണവും ചാർത്താറുണ്ട്. ഇവിടെ അതു പതക്കമുള്ള മാലയായിരുന്നുവെന്നു മാത്രം.) "വാണിയെ ........നിൻപ്രഭാവാൽ"—അങ്ങയുടെ മാഹാത്മ്യംമൂലം സരസ്വതിയും ലക്ഷ്മിയും ഇണങ്ങിച്ചേരില്ലെന്ന അപവാദം നീങ്ങിയിരിക്കുന്നു! അതിലത്ഭുതമില്ല. "ദോഷാന്ധ........ത്വൽസാന്നിധ്യം"—അങ്ങയുടെ സാന്നിധ്യം ദോഷാന്ധകാരത്തെ (ദോഷമാകുന്ന ഇരുട്ട് എന്നും, രാത്രിയിലെ ഇരുട്ട് എന്നും) നീക്കം ചെയ്യുന്നതാണല്ലോ. പൂഷാവ്=സൂര്യൻ. "നന്നായ്........ കർപ്പൂരവട്ടുകളും"—ലോകത്തിലെല്ലായിടത്തും വെളിച്ചം വിതറുന്ന—ജ്ഞാനം വിതയ്ക്കുന്ന—അങ്ങയെ നിദ്രവിട്ട് (പുലർകാലത്ത് ഉണർന്നെഴുന്നേററ്) കണികാണുന്ന സമയത്ത്, പൊന്മണിമാലയും കൊന്നപ്പൂമാലയും തമ്മിലുള്ള വ്യത്യാസത്തെ, വെള്ളിക്കാശും കർപ്പൂരവട്ടുകളും തമ്മിലുള്ള വ്യത്യാസത്തെ—എന്നുവേണ്ട, അത്തരം, എല്ലാ വ്യത്യാസങ്ങളേയും ഞാൻ മറന്നുകളയുന്നു; എല്ലാററിനേയും ഒരുപോലെ നോക്കിക്കാണാനുള്ള—ഈ ലോകത്തിലുള്ള സർവ്വവസ്തുക്കളും ഒരേ മഹാതേജസ്സിന്റെ ശകലങ്ങളാണെന്നു കണ്ടറിയാനുള്ള—മനോഭാവം എന്നിലുളവാകുന്നു! ക്ഷണികമാണ് ഈ മനോഭാവമെങ്കിൽക്കൂടി, അദ്വൈതാചാര്യന്റെ—അദ്വൈതജ്ഞാനമരുളിയ ആ ശങ്കരാചാര്യസ്വാമിയുടെ—നാട്ടുകാരാവുക എന്ന ആ പദവി,

Digitized By Kerala Sahitya Akademi

ചെല്ലുന്നേടത്തല്ലാണെങ്കിലും, ആക്കാണ് സ്പൃഹണീയമല്ലാത്തത്. സത്യ.......ധിമഹസ്സ്=സത്യമാകുന്ന ശാശ്വതബ്രഹ്മതേജസ്സ് തദ്ദർശനാദ്ബുദ്ധർ=അതിന്റെ ദർശനംകൊണ്ടു പ്രബുദ്ധർ (ഉണർവ്വു പൂണ്ടവർ).

## ൨. ബഹിഷ്കൃതമായ അന്തർജ്ജനം

൧. മിത്ഥ്യാപവാദതാപം=ഇല്ലാത്ത അപവാദംകൊണ്ടുണ്ടായ സന്താപം. പാപഭയം—മിത്ഥ്യാപവാദം ആത്മഹത്യചെയ്യുവാൻ അവളെ അന്നു പ്രേരിപ്പിച്ചിരുന്നു; എന്നാൽ ആത്മഹത്യചെയ്യുന്നതു മഹാപാപമാണ്. അതു പരലോകത്തുകൂടി തനിക്കു ഗതി വരുത്തില്ല എന്ന ഭയം അവളെ ആ ക്രൂരകർമ്മത്തിൽനിന്നു പിന്തിരിപ്പിച്ചു. പാരമേശ്വരശില്പം=സൃഷ്ടികർത്താവിന്റെ കൈവേല. തടവാകാ—ഇനിമേൽ പാണൻ ഉണ്ടാക്കുന്ന ഓലക്കുട ഈശ്വരന്റെ കൈവിരുതായ ഈ ലോകത്തെ കണ്ടാനന്ദിക്കുന്നതിൽ തടസ്സമാവില്ല.

൨. പഞ്ജരക്കിളികൾ = കൂട്ടിലിട്ടടയ്ക്കപ്പെട്ട കിളികൾ. കൂട്ടിൽ പിടിച്ചിട്ട കിളികളും അന്തഃപുരത്തിൽ ഇട്ടടയ്ക്കപ്പെട്ടിട്ടുള്ള നമ്പൂതിരിസ്ത്രീകളും ഒരുപോലെയാണെന്നർത്ഥം. "തള്ളവാലാട്ടു....മടവാക്കാ"—പൂച്ചക്കുട്ടി തന്റെ തള്ളയുടെ വാലിന്റെ ചുറ്റുംമാത്രമേ ഓടിച്ചാടിനടക്കുകയുള്ളു. അതുകൊണ്ടു പൂച്ചക്കുട്ടിയുടെ ലോകം തള്ള വാലാട്ടുന്ന സ്ഥലംമാത്രമാണെന്നു തോന്നും. അതുപോലെ അന്തർജ്ജനങ്ങൾ ഇല്ലത്തിലെ പടിഞ്ഞാററിയിൽനിന്നു പുറത്തിറങ്ങാറില്ല; അവരുടെ ലോകം ഇല്ലത്തിന്റെ പടിഞ്ഞാററിമാത്രമാണ്! വക്ത്രാവരണം=മുഖമറ. ചുഴെ=നാലുഭാഗത്തും. കന്മറ=കല്ലുകൊണ്ടുള്ള മതിൽ. മറച്ചുവെച്ചിരുന്ന പല പ്രകൃതിരഹസ്യങ്ങളെത്തന്നെയും കാലം ന

Digitized By Kerala Sahitya Akademi

ഴുക്ക വെളിപ്പെടുത്തിത്തരുന്നു. (ശാസ്ത്രങ്ങൾ മൂഢവേദനയുള്ള കണ്ടുപിടുത്തങ്ങളെ സൂചിപ്പിക്കുന്നു ) എന്നാൽ അന്തർജ്ജനങ്ങളായ നാമാകട്ടെ മനുഷ്യരിൽനിന്ന് ഒളിഞ്ഞുമാറാൻവേണ്ടി ചുററും ശപാസംമൂട്ടിക്കുന്ന കന്മതിൽ കെട്ടിപ്പൊക്കുന്നു. കാലഭഗവാന്റെ കയ്യിന്ന് ഈ കന്മതിൽ തട്ടിത്തകർക്കുവാൻ കെല്പില്ലാതെ പോയല്ലോ എന്നു വ്യംഗ്യം. ഹ്രീകരം=ലജ്ജാകരം. കുലസ്ത്രീകളെന്നഭിമാനിയ്ക്കുന്ന നമ്പൂതിരിസ്ത്രീകൾക്കു തങ്ങളുടെ മുഖം ലോകത്തിന്റെ മുമ്പിൽ കാട്ടാൻ വയ്യാതിരിയ്ക്കത്തക്കവണ്ണം അവരെന്തു കെട്ട തൊഴിലാണാവോ ചെയ്തത്?

൩. മിളദ്ദാരത്രയൻ=മൂന്നു ഭാര്യയുള്ളവൻ. ത്രിവർഗ്ഗം–ധർമ്മാർത്ഥകാമങ്ങൾ. തന്നെ വേളികഴിയ്ക്കുകയാൽ, വേളിയ്ക്കു കാലം തെററിപ്പോയ പെങ്ങളെ അടുപ്പാഴെങ്കിലും കൊടുക്കുക എന്ന ധർമ്മം നിറവേറി; പെൺകൊട മാററമായതിനാൽ സ്ത്രീധനം കൊടുക്കേണ്ടിവന്നില്ല; അതിനാൽ അർത്ഥലാഭം. പിന്നെ, ഈ കൊള്ളക്കൊടുക്കയിൽ തനിയ്ക്കു ലഭിച്ചത് ഒരു ചെറുപ്പക്കാരിയേയുമാണല്ലോ; അതിനാൽ കാമസിദ്ധി. വാർദ്ധകാക്രാന്തൻ=വാർദ്ധക്യംപിടിച്ചവൻ. ‘‘കുത്തുന്നാ....ദേമേൽ’’—രണ്ടു ജ്യേഷ്ഠത്തിമാരും അവരേക്കാൾ ചെറുപ്പക്കാരിയായ തന്നെ, താൻ കൂടുതൽ സ്നേഹിയ്ക്കപ്പെട്ടാലോ എന്ന അസൂയയോടുകൂടി നോക്കിത്തുടങ്ങി. ശചീമന്ത്രം=ഇന്ദ്രാണീസൂക്തം. വൈദികസ്ത്രീകൾ=വേദജ്ഞന്മാരുടെ സ്ത്രീകൾ. (അന്തർജ്ജനങ്ങൾ.) ഋഗ്വേദം 10-ാംമണ്ഡലത്തിലെ ഇന്ദ്രാണീസൂക്തം ജപിച്ചുകൊണ്ടു പാടവള്ളി പറിച്ചെടുത്തു കൈകളിന്മേൽ കെട്ടി ഭർത്താവിനെ ആശ്ലേഷിയ്ക്കുന്നവർക്കു ഭർത്താവു വശപ്പെടും; സപത്നികൾ കഷ്ടപ്പെടും. തലയിണമന്ത്രം=ഭർത്താവിന്റെ ചെവിയിൽ ഏഷണി കൂട്ടിക്കൊടുക്കൽ. സപത്നീവിധ്വംസം=സപത്നിയുടെ—എന്റെ—നാശം. യോജിപ്പോടെ—പ്രസ്തുത ശചീമന്ത്രമറിഞ്ഞുകൂടാത്ത ജ്യേഷ്ഠത്തിമാർ രണ്ടുപേരും, അവർ

Digitized By Kerala Sahitya Akademi

തമ്മിൽ മത്സരമാണെങ്കിലും, ഈ സപത്നിയെ നശിപ്പിക്കുന്ന കാൎയ്യത്തിൽ യോജിച്ചുപ്രവൎത്തിച്ചു. തിങ്കൾ=മാസം. സിദ്ധം=സിദ്ധിച്ചു. ജപയജ്ഞം=മന്ത്രജപമാകുന്ന യാഗം. ആറേഴു മാസം ഇങ്ങിനെ കഴിഞ്ഞപ്പോഴയ്ക്കും, അവൎക്കു മന്ത്രജപത്തിൻെറ ഫലം സിദ്ധിച്ചു. അഞ്ചാംപുര=വ്യഭിചാരശങ്കയ്ക്കു വിഷയമായ സ്ത്രീയെ ദോഷം ഉണ്ടെന്നോ ഇല്ലെന്നോ തെളിയുന്നതുവരെ പാൎപ്പിക്കാനുള്ള ഗൃഹം. സ്മാൎത്തവൈദ്യൻ = സ്മാൎത്തനാകുന്ന വൈദ്യൻ. സ്മാൎത്തൻ=വ്യഭിചാരദോഷത്തെ വിചാരണചെയ്യാനുള്ള ന്യായാധിപൻ. അദോഷർ=ദോഷമില്ലാത്തവർ. വമിപ്പിപ്പാൻ=ഛൎദ്ദിപ്പിക്കാൻ. പാഴ്തിരശ്ശീലപ്പിന്നിൽ—ദോഷശങ്കയുള്ള സ്ത്രീയെ ഒരു തിരശ്ശീലയിൽ മറച്ചിരുത്തിയാണ് സ്മാൎത്തൻ വിചാരംചെയ്യുക പതിവ്. 'സാധനം'=വ്യഭിചാരദോഷശങ്കയ്ക്കു വിഷയമായ സ്ത്രീ. മൂന്നു കൊല്ലം മുഴുവൻ തിരശ്ശീലയുടെ പിന്നിലിരുത്തി സ്മാൎത്തൻ ചോദ്യങ്ങൾ ചോദിച്ചു കഷ്ടപ്പെടുത്തി; അദ്ദേഹത്തിൻെറ ഓരോ ചോദ്യത്തിന്നും അവളുടെ മറുവടി ഓരോ നെടുവീൎപ്പുമാത്രമായിരുന്നു. സ്മാൎത്തവിചാരത്തിന്നു വളരെ പണച്ചെലവുണ്ട്; അതിനാൽ ഭൎത്താവു കടക്കാരനായി.

൪. അപ്പുര=ആ അഞ്ചാംപുര. വ്യഭിചാരക്കാറാം സമ്മതിക്കാതെ അഞ്ചാംപുരയിൽനിന്നു പുറത്തു കടക്കുവാൻ സാധിക്കില്ല; അതുകൊണ്ടത്രേ, ആ പുരയെ വേശ്യയെ സൃഷ്ടിക്കുന്നതായി കല്പിച്ചിരിക്കുന്നത്. വാൿപാപം=വാക്കിന്നുള്ള പാപം. ആരോപിച്ചേൻ=ഇല്ലാത്തത് ഉണ്ടാക്കിപ്പറഞ്ഞു. അഞ്ചാംപുരയുടെ ഉള്ളിൽനിന്നു പുറത്തു കടക്കുവാൻ വേറെ ഒരു നിവൃത്തിമാൎഗ്ഗവുമില്ലാഞ്ഞതിനാൽ, ഒടുവിൽ ഇങ്ങിനെയൊരു അസത്യം പറയാൻ താൻ നിൎബ്ബന്ധയായി—അതേ, ഭൃത്യനെ തൻെറ ജാരനാക്കി. നുണ എന്നും നുണതന്നെ ആയതുകൊണ്ട് അതു പറഞ്ഞതു ശരിയായോ എന്ന സംശയത്തെ ഇല്ലാതാക്കുന്നു: "നന്മയെപ്പേറും........കോടിയിൽപ്പെടാ." ഹേയകോടി=ത്യാജ്യകോടി.



Digitized By Kerala Sahitya Akademi

൭. പന്നഗദഷ്ടം=പാമ്പുകടിച്ചു. നിഴലിനെക്കഴുകിക്കളയാനായി—ഇല്ലാത്ത ദോഷത്തെ നീക്കാൻ—നമ്പൂതിരിസമുദായം സ്ത്രീകളെ കഷ്ടപ്പെടുത്തുന്നു.

൮. ദീനത=വ്യസനം. നൽക്കാററും വെളിച്ചവും—സ്വാതന്ത്ര്യമായപ്പോൾ അവൾ വിദ്യാഭ്യാസം നേടി. പയ്യാപ്തവിഭവ=മതിയായ സമ്പത്തുള്ളവൾ; ജീവിക്കാൻ വേണ്ട വകയുള്ളവൾ. അസപത്നം=ശത്രുക്കളില്ലാത്തത്. സപത്നിയോടുകൂടാത്തത് എന്നും. നുള്ളുവാൻ മുതിൎന്നുഞാൻ—നുൽനുള്ളൽ മഹാന്മാരുടെ ആദൎശമാണെന്നഭിപ്രായം. "ഭ്രഷ്ട.......കൈ രണ്ടിന്നും"—നമ്പൂതിരിസ്ത്രീകൾ കൈകളിൽ കനത്ത ഓട്ടുവളകളാണ് ധരിക്കാറു്. ഭ്രഷ്ടു കല്പിച്ച സ്ത്രീയെ കൈകളിലെ ഓട്ടുവളകൾ ഉരിക്കളയിച്ച് ഓലക്കുട തല്ലിപ്പൊളിച്ചുകളഞ്ഞാണ് സമുദായത്തിൽനിന്നു പുറത്താക്കുക.

൯. വിവിധാ.......ഭ്രതൌജസ്സാ=പലതരം രോഗങ്ങളാലുള്ള സങ്കടംകൊണ്ട് ഓജസ്സു ക്ഷയിച്ചവൾ. ജീവസിര=ജീവനാഡി.

## ൩. പുലർകാലം എപ്പോഴോ?

മൂന്നുദിവസംമുമ്പു കാശിയിൽപ്പോയി ഗംഗാസ്നാനം ചെയ്ത കവി, തന്റെ പൂൎവ്വപുണ്യംകൊണ്ടെന്നപോലെ വീണ്ടും ആ നദിയുടെ മറെറാരു ഭാഗത്തു ചെന്നതിനെ വിവരിക്കുന്നു: അവിടെ ചെല്ലേണ്ട താമസം, കവിയുടെ ആത്മാവ് ആ അമൃതൊഴുക്കിലേക്കു ചാടി, അതിന്റെ തിരമാലകളിൽ മുഴുകിയും ഊളിയിട്ടും എന്തെല്ലാംവിധത്തിൽ നിർവൃതി നേടി!

൧. മണിമുടികൾ=രത്നകിരീടങ്ങൾ. വടിവിൽ=ഭംഗിയിൽ. ഉപക്ഷീണപ്രാക്തനവിഭവ=പണ്ടത്തെ ഐശ്വൎയ്യങ്ങൾ ക്ഷയിച്ചവൾ. "ശംഭുവിൻ.......തടിനിയെ"—ഗംഗ ശിവന്റെ ശിരസ്സിലിരിക്കുന്നതു കണ്ടാൽ ഒരു തുമ്പപ്പൂമാലയാണെന്നു തോന്നും. തുമ്പപ്പൂ ശിവനു തുലോം പ്രിയമത്രേ.

Digitized By Kerala Sahitya Akademi

ശൈത്യച്ചൂളൽ—അതു കടുത്ത തണുപ്പുള്ള കാലമായിരുന്നു. പീയൂഷച്ചാല്=അമൃതൊഴുക്ക്. കണ്ണുകൾക്കാനന്ദംനല്കുന്ന ആ പുഴയിലേക്കു്. ആസ്ഥയാ=ആദരവോടേ.

൮. നിർവ്വാണം=പരമസുഖം. തുംഗപാദപങ്ങൾ=മാമരങ്ങൾ. അന്തിമദശാന്തരം=ഒടുവിലത്തെ അവസ്ഥാഭേദം. മഹോദയൻ=മഹത്തായ ഉദയത്തോടുകൂടിയവൻ. എററലൊന്നേററു=ഒരു മേഘശകലം വന്നു സൂർയ്യബിംബത്തിന്റെ മുകൾഭാഗത്തെ മറച്ചുകളഞ്ഞു. ദീപ്തം=തിളങ്ങുന്ന. ചന്ദ്രാർദ്ധക്കുറി=അമ്പിളിക്കുറി. ഇത്രമേൽ അനിഷ്ടകരമായ ഒരു സംഭവത്തിൽനിന്ന് ഇങ്ങനെയൊന്ന് ഉല്ലേഖനംചെയ്യാൻ ശ്രമിച്ച തന്റെ അനൌചിത്യത്തെ കവി ധിക്കരിക്കുന്നു. ദിവ്യദേശം=ആകാശം. 'മുത്തപ്പൻതാടി തീപ്പിടിക്കുമ്പോൾ ബീഡി കൊളുത്താൻ' ശ്രമിക്കുന്നവർ ഈ ഭൂലോകത്തുമാത്രമേ ഉള്ളുവെന്നാണ് കവി വിചാരിച്ചിരുന്നത്; എന്നാൽ ആകാശദേശത്തും ഇക്കൂട്ടർ കാണപ്പെടുന്നുണ്ടെന്നുള്ളതു കവിയെ അത്ഭുതപ്പെടുത്തുന്നു! അതുലതേജസ്സ്=എതിരില്ലാത്ത തേജസ്സ്. സതിയെപ്പോലെ—ദാക്ഷായണി സ്വയം യോഗാഗ്നിയിൽ ദഹിച്ചു എന്ന പുരാണകഥ ഓർക്കുക.

൯. ഗാംഗാംഭസ്സ്=ഗംഗയിലെ ജലം. മുല്ലാട്=ആർദ്രം. ഉദകക്രിയ=മരിച്ച ആളെ ഉദ്ദേശിച്ച് വെള്ളത്തിൽവെച്ചു ഹിന്തുക്കൾ ചെയ്യുന്ന ഒരു കർമ്മം. ബ്രാഹ്മണരുടെ സന്ധ്യക്കുള്ള ഊക്കലിനെ പകൽ മരിച്ചപ്പോൾ ചെയ്യുന്ന ഉദകക്രിയയായി കല്പിച്ചിരിക്കുന്നു.

൰. നക്ഷത്രങ്ങൾ ഉദിച്ചുകാണപ്പെട്ടു. അത്യയം=അവസാനം. ഇന്ത്യയുടെ പൌരസ്വാതന്ത്ര്യത്തെപ്പററി വിഷാദപൂർവ്വം പറയുന്നതാണ്, മിത്രമേ, ഇത്യാദി. മഗധേശദുർഗ്ഗം=ജരാസന്ധൻ നിർമ്മിച്ച കോട്ട. ദുസ്തരാസ്വാതന്ത്ര്യം=തരണംചെയ്യാൻ സാധിക്കാത്ത അടിമത്തം. ജഡം=ചൈതന്യമില്ലാത്ത. ഇന്ത്യയുടെ സ്വാതന്ത്ര്യസൂർയ്യൻ എത്രയോ മുമ്പുതന്നെ അസ്തമിച്ചിരിക്കയാൽ, നമ്മുടെ രാജ്യത്തിൽ നട്ടുച്ചയ്ക്കും പാതിരാ

Digitized By Kerala Sahitya Akademi

ന്നെയാണെന്നു സാരം. കടുദംഷ്ട്രർ-കടുത്ത ഗർവ്വാകുന്ന ദംഷ്ട്രകളോടുകൂടിയവർ. പണ്ടത്തെ രാജാക്കന്മാർ വ്യാഘ്രങ്ങളെപ്പോലെ, തമ്മിൽത്തമ്മിൽ പൊരുതി ചോരപ്പുഴ ഒഴുക്കിയിട്ടില്ലായിരുന്നുവെങ്കിൽ, ഈ ധർമ്മരാജ്യമായ ഇന്ത്യയിൽ വിദേശീയഭരണം കാലൂന്നുമായിരുന്നില്ലെന്നു താൽപര്യം. "വന്നപാടിനു....പുലർകാലം" രാത്രി മൂന്നു യാമം കഴിഞ്ഞാൽ വന്നതുപോലെ പോവുകയും, പിന്നെ പുലർകാലം വരികയും ചെയ്യും; എന്നാൽ നമ്മുടെ നാടിന്ന് അടിമത്തമാകുന്ന ഈ നീണ്ട രാത്രി പുലരുന്നത് എപ്പൊഴാണാവോ?

## ൪. ഗുരുനാഥന്റെ തൂവൽ

വിദ്യാഭ്യാസം എങ്ങിനെ വേണമെന്നു ചുരുക്കത്തിൽ നിർദ്ദേശിക്കുന്ന ഒരു ഗാഥയാണിത്.

൧. സുമുഹൂർത്താ=നല്ല സമയം. നല്ല സമയം നോക്കിയാണല്ലോ ശിഷ്യനെ ആശാന്റെ അടുക്കൽ എഴുത്തിനുവെക്കാൻ കൊണ്ടുചെന്നേല്പിക്കുക. ത്വദന്തികത്തിൽ=അങ്ങയുടെ അടുക്കൽ. അജൻ-ബ്രഹ്മാവ്. ഈ കുഞ്ഞിന്റെ തലയിലെഴുത്ത് എന്താണെന്ന് അറിയാൻ പാടില്ല; എന്തായാലും, എനിക്കതിൽ പരിഭ്രമമില്ല; കാരണം, അങ്ങു ശുഭാക്ഷരങ്ങളേ അതിൽ കുറിക്കുകയുള്ളൂ. ആ ശുഭാക്ഷരങ്ങൾ, ബ്രഹ്മാവിന്റെ കുത്തിക്കുറിപ്പിൽ വല്ല തകരാറുമുണ്ടെങ്കിൽത്തന്നെ, അതിനെ തിരുത്താൻ പര്യാപ്തങ്ങളായിക്കൊള്ളും.

൨. വിദ്യാപ്രസാദോദയം = വിദ്യാജന്യമായ സംസ്കാരം ഉണ്ടാവൽ. ഉദയത്തിൽ(=ഉഷസ്സിൽ) പനിനീർപ്പൂവെന്നപോലെ, മുകുളിതാവസ്ഥയിലുള്ള ഹൃദയം വിജ്ഞാനോദയത്തിലാണല്ലോ വികസിക്കുന്നത്. മസിനി=ഇററലിയിലുണ്ടായിരുന്ന ഒരു പ്രസിദ്ധ ചിന്തകൻ. വിവക്ഷിതം=പറയാൻ ഉദ്ദേശിച്ചത്. അഗാധത=ആഴം. അപാരത=അററമില്ലായ്മ. പടുത=സാമർത്ഥ്യം. വിഭാവരി=രാത്രി. ഇടംപെടും=വിസ്തൃതമായ. അങ്ങയു

Digitized By Kerala Sahitya Akademi

ടെ കുശലതയാൽ ഇവൻ ഗ്രന്ഥങ്ങളിലെ ഏടുകൾമാത്രമല്ല, പ്രകൃതിഗ്രന്ഥത്തിന്റെ താളുകളും ജിജ്ഞാസയോടെ നിവർത്തിനോക്കിപ്പഠിക്കാൻ ഉത്സുകനായിത്തീരട്ടെ; ഗ്രന്ഥവിജ്ഞാനത്തോടൊപ്പം ലോകപരിചയവും നേടട്ടെ എന്നു താൽപര്യം. ''പിറന്നവ.....തൂലികയാം''—മറെറല്ലാവരിലുമെന്നപോലെ ഇയാളിലും അറിവിന്റെ എരികനലുകൾ മറവിയാകുന്ന ചാരത്തിൽ—ജനിച്ചതിൽപ്പിന്നീട് പരിതഃസ്ഥിതികളാൽ വന്നുകൂടുന്ന അബോധാവസ്ഥയിൽ—മൂടിക്കിടപ്പുണ്ട്; അതിനെ തോണ്ടിനീക്കുവാനുള്ള കോൽ അങ്ങയുടെ തൂലികയത്രേ.

൩. അങ്ങിനെ മാനസികമായ സംസ്കാരത്തോടൊപ്പം, കായികമായ സംസ്കാരവും ഇവ ആശാങ്കൽനിന്നു സമ്പാദിക്കണമെന്നു കവി മകനെ ഉദ്ബോധിപ്പിക്കുന്നു: കാരണം, അവന്റെ കാലിന്മേൽ അനങ്ങാൻ വയ്യാത്തവിധം പിണച്ചുകെട്ടിയിട്ടുള്ള അസ്വാതന്ത്ര്യത്തിന്റെ ഇരിമ്പുചങ്ങല വലിച്ചുപൊട്ടിക്കണമെങ്കിൽ, മെയ്ക്കരുത്തും കൈക്കരുത്തും ഉണ്ടാവണമല്ലോ. ''പഴയ....പയററിനാൽ''—പണ്ടത്തെ ഭാരതീയരുടേതുപോലുള്ള കരളുറപ്പു നിനക്കുണ്ടാകണം. നെഞ്ചിത്=നിന്റെ ഈ നെഞ്ച്.

൪. ഇന്നത്തെ പാഠശാലകൾ വിദ്യാർത്ഥികളെ സ്വതന്ത്രചിന്തകന്മാരാക്കിത്തീർക്കാൻ ഉതകുന്നില്ല; എന്നാൽ അത്തരം പാഠശാലയല്ല ഇത്. 'തത്തമ്മേ പൂച്ച, പൂച്ച' എന്ന രീതി പിടിച്ച അധ്യയനരീതിയല്ല ഇവിടെ ഉള്ളത്. പാഠകുടീരം=വിദ്യാലയം. ഗുരുജനാനുഗൻ=ഗുരുനാഥനെ അനുസരിക്കുന്നവൻ. പുസ്തകങ്ങളോടൊപ്പം പ്രപഞ്ചകാവ്യത്തിലെ ചില വരികളും നീ വായിക്കുമാറു ഗുരു നിർദ്ദേശിക്കും.

൫. രവിബിംബം=സൂര്യമണ്ഡലം. ഇരവറുതി=രാത്രിയുടെ അവസാനം; പ്രഭാതം. പൊന്നിൻനെടുംകമ്പികൾ—സൂര്യരശ്മികൾ. അഗണ്യം=നിസ്സാരമായ. സഗർഭ്യൻ=സഹോദ

Digitized By Kerala Sahitya Akademi

ണൻ. ഗുരുവിൻെറ ആധ്യാത്മികപാഠനത്താൽ ദ്വൈതബുദ്ധി നീങ്ങി, ലോകം മുഴുവനും ഒന്നാണെന്നും, ആ ഒന്നിൻെറതന്നെ അംശങ്ങളാണ് പലതായിട്ട കാണുന്നതെന്നുമുള്ള ആ ഉൽകൃഷ്ടജ്ഞാനം നിനക്ക സിദ്ധിക്കുമാറാകട്ടെ!

൯ പുരാതനർഷിമാർ=പണ്ടത്തെ ഋഷിമാർ. ഉലകുപാത്തകമുണന്ന്=ലോകരഹസ്യം കണ്ടു മനസ്സിലാക്കുന്ന്. സനാതനഗാഥകൾ=ശാശ്വതങ്ങളായ ഗാനങ്ങൾ; വേദം, ഉപനിഷത്തുകൾ, പുരാണങ്ങൾ മുതലായവ. പച്ചത്തിരശ്ശീല=ഇലക്കൂട്ടം. നിശ്ശബ്ദത—പരാശക്തി. സവിസ്മയം—ഇന്നു മററാരു ഗുരുനാഥനും നല്കുവാൻ കഴിവില്ലാത്ത ഈ അസാധാരണമായ ജ്ഞാനം നിനക്ക ലഭിക്കുമ്പോൾ വിസ്മയം ഉണ്ടാവുന്നതു സ്വാഭാവികമാണല്ലോ.

൰. മരകത......ച്ചകലാസ്സാൽ=മരകതക്കല്ലുപോലെ പച്ചയായ ഇളംപുല്ലുകളാകുന്ന ചകലാസ്സാൽ. സൌഭഗം=ഭംഗി. സന്ധ്യാഭ്രപ്പലക=സന്ധ്യാകാലത്തിലെ മേഘമാകുന്ന പലക. പരോക്ഷം=കാണാൻ കഴിയാത്ത. അന്തി....കപ്പൽ=അസ്തമയസൂര്യനാകുന്ന സുവർണ്ണക്കപ്പൽ. ഉഡുക്കൾ=നക്ഷത്രങ്ങൾ. ഒളിപെറും=ശോഭയുള്ള. അവക്രം=വളവില്ലാത്ത. വിനേതാവ്=ഗുരുനാഥൻ. "അടിത്തട്ടിൽ....രത്നങ്ങളെ നിരത്തിവെപ്പതും" എന്നുവരെയുള്ള വരികളിൽ ക്രമേണ ഇന്ത്യയിലെ സംഗീതം, ഖദർവസ്ത്രനിർമ്മാണം, ചിത്രകല, കപ്പൽക്കച്ചവടത്താൽ നേടാവുന്ന സമൃദ്ധി എന്നിവ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

---

## ൫. പൂർണ്ണവിശ്രമസൌഖ്യം

**മഹാകവി കുമാരനാശാൻെറ അകാലനിര്യാണത്തെപ്പററി:**

൧. ഉടൽക്കപ്പൽ=ശരീരമാകുന്ന കപ്പൽ. സമുദ്രത്തിലോടിക്കൊണ്ടിരിക്കുന്ന കപ്പൽ, ഇന്ന സമയത്ത്, ഇന്ന ദിക്കിൽ, ഇന്നവിധത്തിൽ മുങ്ങും എന്നു നിയമമില്ലാത്തതുപോ

Digitized By Kerala Sahitya Akademi

ലെ, പ്രപഞ്ചസമുദ്രത്തിൽ ജീവിതയാത്രചെയ്യുന്ന മനുഷ്യൻ ഇന്ന ദിക്കിൽവെച്ച്, ഇന്നസമയത്ത്, ഇന്നവിധത്തിൽ മരിക്കുക എന്നു നിയമമില്ലെന്നഭിപ്രായം. ഇതിനെത്തന്നെ സ്പഷ്ടമാക്കുന്നു, അടുത്ത രണ്ടു വരികൊണ്ട്: "പൊതിക്കന്നുകൾ നമ്മൾ"—മരണം, അതിന്റെ പൊതിക്കന്നുകളായ നമ്മളെ മുതുകിൽ ജീവിതച്ചുമടു കയററി തെളിക്കുകയാണ് ചെയ്യുന്നത്; ഈ ചുമട്, എപ്പോൾ, എവിടെ, ഏതുവിധത്തിൽ നമ്മളുടെ മുതുകത്തുനിന്നിറക്കുമെന്നറിഞ്ഞുകൂടാ. അതു മരണത്തിന്റെ ഇച്ഛയാണെന്നർത്ഥം.

൨. കൃതിപ്പൂൺപ് = കവിശ്രേഷ്ഠൻ. ആണ്ടുപോൽ കാലാംഭസ്സിൽ = മരിച്ചുപോയി. "ആശകൾ.......അതോടൊപ്പം"—ആശാൻ ഇനിയും അനേകം കാവ്യങ്ങൾ കൈരളിക്കു കാഴ്ചവെക്കും എന്ന എന്നെപ്പോലെയുള്ളവരുടെ ആശയും ആശാൻ പോയതോടൊപ്പം അസ്തമിച്ചു. വേണാട് = തിരുവിതാംകൂർരാജ്യം. ഭൃഗുരാമക്ഷോണി = കേരളം. നവോല്ലേഖൻ = പുതിയ ഉല്ലേഖങ്ങളോടുകൂടിയവൻ. ഹതവിധി = ദുർവ്വിധി.

൩. "ഏററനാൾ.......കൈരളീമാതാവ്"— ഭാഷയുടെ സമ്പത്ത് അതിലുള്ള പുസ്തകങ്ങളാണല്ലോ; മലയാളഭാഷയിൽ എന്നേയ്ക്കും നിലനില്ക്കുന്ന പുസ്തകങ്ങൾ വളരെ കുറവാണെന്നഭിപ്രായം. അത്യഗാധമാമിരുൾപ്പാതാളം = വളരെ ആഴമുള്ളതും ഇരുട്ടുള്ളതുമായ പാതാളം—വെള്ളത്തിന്റെ അടിത്തട്ട്. കുമാരനാശാൻ ബോട്ടു മുങ്ങിയിട്ടാണല്ലോ മരിച്ചത്.

൪. അവ—ആ കൊച്ചുമുഖങ്ങൾ (കിടാങ്ങൾ) പിതൃതൃഷ്ണ = അച്ഛനെപ്പററി അറിയുവാനുള്ള കൊതി. തൃഷ്ണയ്ക്കു ദാഹമെന്നും അർത്ഥം. ഗേഹിനി = പത്നി. തപ്തം = ചൂടുള്ളത്. ഇതു കവി ആശാനോടു നേരിട്ടു പറയുന്നതാണ്. ഉലകിൻ ക്ഷണികത്വം = ലോകത്തിന്റെ നശ്വരാവസ്ഥ. പേശലം = മനോഹരം. ത്വദകാലനിര്യാണം = വാർദ്ധക്യത്തിനുമുമ്പുള്ള താങ്കളുടെ മരണം. അന്ധതപ്പെടുത്തുന്നു—ആശാൻ തന്റെ കാവ്യങ്ങളിൽ

Digitized By Kerala Sahitya Akademi

ലോകത്തിന്റെ നശ്വരാവസ്ഥയെ നല്ലപോലെ വർണ്ണിച്ചിട്ടുണ്ടെങ്കിലും, അദ്ദേഹത്തിന്റെ അകാലമരണം ലോകത്തെ വ്യസനിപ്പിക്കുകതന്നെ ചെയ്യുന്നു എന്നു താൽപര്യം.

൭. പ്രകൃതിനളിനി=പ്രകൃതിയാകുന്ന താമരപ്പൊയ്ക. സുരഭിസ്തോമം=വിദ്വൽസമൂഹം. അകൃ....ത്താൽ=സ്വാഭാവികങ്ങളായ അലങ്കാരങ്ങൾകൊണ്ടുള്ള ഭംഗിയാൽ. ആവർജ്ജിക്കുക=ആകർഷിക്കുക. പുഷ്ടകൌതുകൻ=വർദ്ധിച്ച സന്തോഷത്തോടുകൂടിയവൻ. പൊൻകാപ്പുംപോൽ—വെയിത്സ്രാജകുമാരൻ ഇന്ത്യ സന്ദർശിച്ച അവസരത്തിൽ മഹാകവി കുമാരനാശാനു പട്ടും വളയും സമ്മാനിച്ചതിനെ അനുസ്മരിക്കുന്നു.

൯. പാതാളം=കായലിന്റെ അടിത്തട്ട്. ഊർദ്ധ്വലോകം=സ്വർഗ്ഗലോകം. താദൃശവിശിഷ്ടന്മാർ=അങ്ങയെപ്പോലുള്ള മഹാന്മാർ. ആശാന്റെ സ്വതസ്സിദ്ധമായ വിനയം അദ്ദേഹം മരണസമയത്തും പാലിച്ചു എന്നു ധ്വനി. തീക്ഷ്ണത=മൂർച്ച. മരിച്ചവരെക്കുറിച്ചു വിലപിക്കുന്നത് അവരുടെ ഉൽഗതിക്കു പ്രതിബന്ധമാവും എന്നൊരു വിശ്വാസമുണ്ട്. ആ വിശാലത=പ്രസിദ്ധമായ മൂലപ്രകൃതി. പൂർണ്ണവിശ്രമസൌഖ്യം=പൂർണ്ണമായ വിശ്രമംകൊണ്ടുള്ള സുഖം—മോക്ഷം.

---

## ൯. സ്ത്രീകൾ

൧. ഗംഭീരവിശാലാത്മാവ്=ഗംഭീരവും വിസ്തീർണ്ണവുമായ ആത്മാവുള്ളവൻ. ആത്മാവ്=ശരീരമെന്നും മനസ്സെന്നും അർത്ഥം. വേല=കര. കമ്പമാന്ന്=ഇളകി; ഭ്രാന്തുപിടിച്ച് എന്നും. ഉപദ=കാഴ്ചദ്രവ്യം. ഉപരിസ്ഥർ=മുകളിൽ നില്ക്കുന്നവർ; വലിയ നിലയിലിരിക്കുന്നവർ. വേലാ, രാത്രി എന്നീ പദങ്ങൾ സ്ത്രീലിംഗങ്ങളാണ്. അതുകൊണ്ടാണ് സമുദ്രം ഇത്ര പ്രയാസപ്പെട്ടു വേലയെ സന്തോഷിപ്പിക്കാൻ മുതിരുന്നതും, നക്ഷത്രങ്ങൾ രാത്രിയെ തങ്കപ്പൂവു ചൂടിക്കുന്നതും എന്നു സാരം. "അത്രയു.... നക്ഷസ്സെന്നവൾ വേണം"—പുലരിവനിതയുടെ കൈ പിടി

Digitized By Kerala Sahitya Akademi

ച്ചില്ലാതെ, അസ്തമിച്ച സൂര്യൻ തേജോമയനായി വീണ്ടും ലോകത്തിൽ പ്രകാശിക്കുന്നില്ല. "നാരിയാൽ........ശാസ്ത്രോക്തത്താൽ"—വാസ്തവത്തിൽ പുരുഷൻ സ്ത്രീക്കു വിധേയനാണ്; എന്നാൽ അയാൾ, സ്ത്രീ സ്വാതന്ത്ര്യമല്ല എന്നു ശാസ്ത്രംമുഖേന ഘോഷിക്കുന്നു! "പിതാ രക്ഷതി കൌമാരേ, ഭർത്താ രക്ഷതി യൌവനേ, സുതോ രക്ഷതി വാർദ്ധക്യേ, ന സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്നു മനു. നാരായത്തലപ്പ്=എഴുത്താണിമുന. ശുഷ്കം=ഉണങ്ങിയ. "ഉററതാങ്ങബലതാൻ"—പുരുഷൻ തനിക്കാണ് മേന്മ എന്നു വരുത്തിവെക്കാൻവേണ്ടി ഗ്രന്ഥങ്ങളിൽ എന്തൊക്കെ എഴുതിക്കൂട്ടിയാലും, ഈ ലോകത്തിന്നെല്ലാം, അബലാത്വം ആരോപിക്കപ്പെട്ട സ്ത്രീയാണ് ഉറപ്പുള്ള ഊന്ന്.

൨. നതം=താഴ്ന്ന. ശ്രീമാത്=ശ്രീഭഗവതി (സമ്പത്ത്.) നാരിയില്ലാത്ത ഗൃഹം ശൂന്യമാണെന്നു സാരം. "യത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാഃ." പുരന്ധ്രി=പതിപുത്രവതിയായ സ്ത്രീ. ദേവഭാഷ (സംസ്കൃതഭാഷ)യിൽ സ്ത്രീലിംഗശബ്ദങ്ങളാണ്, കാന്തി മുതലായവ.

## ൭. നൂൽപ്പന്തരം

൧. ഭൂരിശോഭം=വർദ്ധിച്ച ശോഭയോടുകൂടി. തിരിച്ചിലിൽ—കാലചക്രത്തിൻെറ തിരിച്ചിലിലാണല്ലോ ഓരോ മാററങ്ങൾ വന്നുചേരാറുള്ളത്. അതുപോലെ നൂൽനൂല്ക്കുന്ന ഈ തക്ലിയാകുന്ന ചെറിയ കാലചക്രത്തിൻെറ തിരിച്ചിലിൽ ഇന്ത്യയുടെ പോയ്പ്പോയ ആ സുവർണ്ണകാലം തിരിയെ വരണമേ എന്നു കവി പ്രാർത്ഥിക്കുന്നു.

൨. അച്ഛം=നിർമ്മലം. നൂൽച്ചാത്ത്=നൂഴിഴ. ചെമ്മണി=ചുകന്ന രത്നം (പവിഴം)പോലെയുള്ള. മൈക്കമാത്മാവിനും—പണ്ടു ഭാരതത്തിലെ പിഞ്ചുകിടാങ്ങൾ നൂററ നൂൽ കൊണ്ടുണ്ടാക്കിയ വസ്ത്രങ്ങളും, ഉരുവിട്ടുപോന്ന ബ്രഹ്മസൂത്രങ്ങ

Digitized By Kerala Sahitya Akademi

ളമാണ് അന്യരാജ്യക്കാരുടെ ദേഹത്തിൻേറയും ആത്മാവിൻേറയും നഗ്നത മറച്ചുപോന്നിരുന്നത്. അന്യരാജ്യങ്ങളിലേയ്ക്കു വസ്ത്രങ്ങളും അധ്യാത്മജ്ഞാനവും ഇന്ത്യയിൽ നിന്നാണ് ആദ്യമായി കയറിപ്പോയത് എന്നു കവി അഭിമാനിക്കുന്നു. അനല്പവിചിത്രവസ്ത്രങ്ങൾ = വിലമതിക്കാൻ കഴിയാത്തവയും നാനാതരത്തിലുള്ളവയുമായ വസ്ത്രങ്ങൾ. "ഭാരതപ്പെരും........ വാഗിന്ദ്രിയമില്ലല്ലോ"—ഭാരതത്തിലെ വ്യവസായോൽപന്നങ്ങളും വിജ്ഞാനസമ്പത്തുകളും മററും കത്തിനിറച്ചു മറുരാജ്യങ്ങളിലേയ്ക്കു പോയിരുന്ന ഓരോ കപ്പലും എത്രമേൽ കനംതൂങ്ങിയിരുന്നുവെന്നു പറഞ്ഞുതരാൻ സമുദ്രങ്ങൾക്കു കെല്പുണ്ടായിരുന്നുവെങ്കിൽ!

ന. "ആവതില്ലാഞ്ഞുഴറിയലറുന്നു........യന്ത്രങ്ങൾ"—പണ്ട് ഇന്ത്യയിൽ കൈകൊണ്ടുണ്ടാക്കിയിരുന്നപോലത്ര നേർത്ത വസ്ത്രങ്ങൾ നിർമ്മിക്കാൻ കഴിയാഞ്ഞിട്ടു പേമുറയിടുകയാണ് ഇന്നത്തെ യന്ത്രങ്ങളെന്നു തോന്നും! "എങ്ങിനിക്കിട്ടും........ ചിരം"—പണ്ട് ഈജിപ്തിലെ സുന്ദരിമാർക്ക് ഇന്ത്യയിലെ പട്ടുടുത്തേ തൃപ്തി വന്നിരുന്നുള്ളു!

൪. പണ്ടത്തെ കർഷകർ പാടങ്ങളിലെ പണി കഴിഞ്ഞാൽ നൂൽ നൂല്ക്കുകയായി; അവർക്ക് അതുമൂലം എല്ലാ സമ്പത്തും സ്വാധീനമായിരുന്നു—ആ സമ്പത്തിനെ ഒരഗാധമായ നദിയായും തക്ലിയെ അതിലെ ചുഴിയായും രൂപണംചെയ്തിരുന്നു. ആ ചുഴിയിലെ വെൺനുരനൂൽച്ചുററു—സ്വയമാർജ്ജിച്ച സമ്പത്തു കണ്ടു സാഭിമാനം പുഞ്ചിരിക്കൊള്ളുന്നു എന്നഭിപ്രായം. കൃഷകൻ=കർഷകൻ. ഭഗ്നജീവിതവണ്ടി=മുറിഞ്ഞ ജീവിതമാകുന്ന വണ്ടി. നൂൽനൂല്പ് ഒരു നല്ല കുടിൽവ്യവസായമാണ്. സ്ഥിരമായി നൂൽനൂല്ക്കുന്ന ഒരു കുടുംബത്തിൽ ദാരിദ്ര്യമുണ്ടാവില്ല. ഈട്=ഉറപ്പ്. "പുലർകാലമഞ്ഞ്"—പണ്ട് ദില്ലിയിലെ ചക്രവർത്തിനിമാർ 'പുലർകാലമഞ്ഞ്' എന്നു പ്രസിദ്ധി നേടിയ ഒരുതരം നേർത്ത പട്ടാട ധരിച്ചിരുന്നതിനെ

Digitized By Kerala Sahitya Akademi

പ്പററി സൂചിപ്പിക്കുന്നു. ഭൂമണ്ഡലപരിവർത്തനത്താലാണല്ലൊ, പനിനീർപ്പൂക്കളിൽ മഞ്ഞു പൊഴിക്കുന്ന ഹേമന്തം മുതലായ ഋതുക്കൾ ആവിർഭവിക്കുന്നത്.

൩. ക്ഷൗമ=വെളുപ്പ്. പേമലമൽ=ചീത്ത മല്ലുമുണ്ടുകൾ. ''എങ്ങിനെയുൾപ്പൂകും.........സ്വാതന്ത്ര്യലക്ഷ്മിയാൾ?'' — വിദേശീയവസ്ത്രങ്ങളും മദ്യശാലകളും ഇന്ത്യയിൽ ഇല്ലാതായാലേ സ്വാതന്ത്ര്യം ലഭിക്കുകയുള്ളു. വന്നണയുമാവന്ദ്യാതിഥി—സ്വാതന്ത്ര്യലക്ഷ്മി ആ സ്വാതന്ത്ര്യം അടുത്തെത്തിയിരിക്കുന്നുവെന്നു കവിക്കുറപ്പുണ്ട്. എന്നാൽ ആ സ്വാതന്ത്ര്യലക്ഷ്മിയെ നാം എതിരേല്ക്കേണ്ടതു് ഈ ഗർഹണീയമായ രീതിയിലാണോ? നിറകുടം—പൂർണ്ണകുംഭംവെച്ച് കാൽകഴുകിച്ചു മാന്യാതിഥിയെ സ്വീകരിക്കുക പണ്ടത്തെ പതിവാണ്.

൪ ശാന്തിദേവതാനുഗ്രഹത്താക്കയ്യ്=ശാന്തിദേവതയുടെ അനുഗ്രഹത്താക്കയ്യ്—ഗാന്ധിജിയെ ശാന്തിദേവതയുടെ തൃക്കയ്യാലുള്ള അനുഗ്രഹമായി രൂപണംചെയ്തിരിക്കുന്നു. ഉൽഗ്ഗമിക്കട്ടെ=ഉദിക്കട്ടെ. നിർവൃതിപ്പുഞ്ചിരി=ആശ്വാസപ്പുഞ്ചിരി.

## ൪. പ്രകൃതിയുടെ മനോരാജ്യം

൧. സന്ധ്യാകാലത്തു പശ്ചിമദിക്കിലുണ്ടാകുന്ന വർണ്ണവൈചിത്ര്യങ്ങളെ കവി നോക്കിക്കാണുന്നു: അരുണച്ഛായം=ചുകന്ന ചായം. വാരുണിച്ചുമര്=പശ്ചിമദിക്കാകുന്ന ചുമര്. അജ്ഞാതം=അറിയപ്പെടാത്ത. മനുഷ്യൻെറ മനോരാജ്യങ്ങൾ അയാളറിയാതെതന്നെ വികൃതമാക്കപ്പെടാറുണ്ടല്ലോ. പശ്ചിമവ്യോമാന്തത്തിൽ=ആകാശത്തിൻെറ പടിഞ്ഞാറെ അററത്ത്. യാമിനീവരവ്=രാത്രിയുടെ വരവ്. പശ്ചിമദിക്കിൽ കാണുന്ന സാന്ധ്യരാഗത്തെ ചുവന്ന പരസ്യക്കടലാസ്സായും കറുത്ത കാറിൻകണ്ണുങ്ങളെ അക്ഷരങ്ങളായും കല്പിച്ചിരിക്കുന്നു. മുല്പാട്=മുമ്പ്. മനുഷ്യൻെറ ജീവിതത്തിൽ വെളിച്ചം പോയി ഇരുട്ടു

Digitized By Kerala Sahitya Akademi

വരുന്നത്—സുഖം പോയി ദുഃഖം വരുന്നത്—ഇങ്ങിനെ മുൻകൂട്ടി അറിഞ്ഞിട്ടാണെങ്കിൽ എത്ര നന്നായേനേ!

൨. അപരാദ്രിക്കാവിമൺതിട്ട് = പശ്ചിമപർവ്വതത്തിലെ ചുകന്ന മൺതിട്ട്. ഖഗം=പക്ഷി. നഗം=വൃക്ഷം. നാഗം=ആന. ഇങ്ങിനെ ഞാനും—പ്രകൃതിയുടേതുപോലെ ഇവനും—ഓരോ മനുഷ്യനും മനോരാജ്യത്തിൽ പലേ വേഷങ്ങളും കെട്ടിയിട്ടുണ്ടാവും; അഥവാ പല ജന്മം ജനിച്ചിട്ടുണ്ടാകും.

൩. കാരിരിമ്പണിക്കപ്പൽ=കറുത്ത ഇരിമ്പുകൊണ്ടുള്ള കപ്പൽ. സായം സന്ധ്യയുടെ സാരമായ സ്വത്തായ ചെമ്പൊന്നു മുഴുവനും ഇങ്ങിനെ ദൂരത്തേക്കു കേററിപ്പോവുകയില്ലല്ലോ? പോകാതിരിക്കട്ടെ. തന്റെ പ്രിയപ്പെട്ട രാജ്യത്തിലെ സമ്പത്തും ഇങ്ങിനെ അന്യരാജ്യങ്ങളിലേക്കു കയററിക്കൊണ്ടുപോകാതിരുന്നാൽ കൊള്ളാം എന്നു വ്യംഗ്യം. ആറേഴുമുഴം ദൂരം പോയപ്പോഴേക്കും ആ കപ്പൽ പാറമേലടിച്ച് ഉടഞ്ഞു ചിതറിപ്പോയി. [തട്ടിപ്പറിച്ച മുതൽ പൊട്ടിത്തെറിക്കുമെന്നാണല്ലോ ചൊല്ല്.] ഇതുപോലെ മനുഷ്യന്റെ ഓരോ മനോരാജ്യവും പെട്ടെന്നു തകൎന്നു ചിതറിപ്പോകുന്നു.

൪. വിശ്വകൎത്ത്രി=പ്രപഞ്ചമാതാവ്. ഛായാഗ്രാഹിയന്ത്രം=ഫോട്ടോ എടുക്കുന്ന യന്ത്രം. പ്രകൃതീശ്വരി എന്റെ മനോരാജ്യങ്ങളെ പുതിയ ക്യാമറകൊണ്ടുഫോട്ടോ എടുത്ത് എന്നെ കളിയാക്കാൻവേണ്ടി ലോകരെ കാണിക്കുകയാണോ ഇത്? സാധാരണ ക്യാമറകൊണ്ടു സരൂപങ്ങളായ വസ്തുക്കളുടെ ഛായമാത്രമേ എടുക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ, പ്രകൃതീശ്വരിയുടെ ക്യാമറകൊണ്ട് അരൂപങ്ങളായ വസ്തുക്കളുടെ ഛായയും എടുക്കാൻ കഴിയും. അതുകൊണ്ടാണ് ഇവിടെ നവമാം എന്നു പറഞ്ഞിരിക്കുന്നത്. വറുതി=ദാരിദ്ര്യം. ഭയമുള്ളവക്കു കോട്ടയും, ദരിദ്രക്കു ദാരിദ്ര്യനിവൃത്തിക്കു കപ്പൽ വെയ്ക്കലും (കച്ചവടം നടത്തലും) അത്യാവശ്യം.

Digitized By Kerala Sahitya Akademi

൮. കല്യ=വിദഗ്ദ്ധ. മൂർത്തമായ്=സ്വരൂപമായ്. എൻെറ—മനുഷ്യൻെറ മനോരാജ്യങ്ങൾ മനസ്സിൽ മാത്രമായതുകൊണ്ട് അവയെ മററാരാൾക്കും കാണാൻ (അറിയുവാൻ) കഴിയില്ല. പ്രകൃതിയുടെ മനോരാജ്യങ്ങളാകട്ടെ ഓരോ രൂപമെടുത്ത് എവർക്കും കാണത്തക്കവിധത്തിൽ വെളിയിൽ പ്രത്യക്ഷപ്പെടുന്നു.

---

## ൯. യുവവിദ്യാർത്ഥികളോട്

൧. താരുണ്യത്തുടുപ്പാർന്ന=യൌവനത്തുടുപ്പുള്ള. വിദ്യാർത്ഥികൾമുഖേനയാണ് തനിക്കു പാരതന്ത്ര്യത്തിൽനിന്നു വിടുതി ലഭിക്കുക എന്ന ആശയോടുകൂടി ഭാരതമാതാവ് അവരുടെ യൌവനത്തുടുപ്പാർന്ന മുഖങ്ങളിലേക്കു ഉററുനോക്കിക്കൊണ്ടിരിക്കുന്നു. "വ്യായാമസുദൃഢങ്ങളാക്കുവിൻ"—മാനസികമായ വിദ്യാഭ്യാസമെന്നപോലെ, കായികമായ വിദ്യാഭ്യാസവും ഒഴിച്ചുകൂടാത്തതാണെന്നു ധ്വനി. അകിഞ്ചനർ=ദരിദ്രർ (ഒന്നും ഇല്ലാത്തവർ). സൂന്നം പൂജ്യം. "തൻവലത്തു.......നൂറാം"—ഒന്ന് എന്ന അക്കത്തിൻെറ വലത്തു രണ്ടു പൂജ്യം ചേർന്നാൽ ഒരു നൂറാവുമല്ലോ. അതിനാൽ പൂജ്യംപോലെ ശൂന്യരായ നാട്ടിലെ പാവപ്പെട്ട ജനങ്ങളെ കൈക്കൊള്ളുവിൻ. സംഘബലമത്രേ നല്ല ബലം.

൨. പാരതന്ത്ര്യാതങ്കം=അസ്വാതന്ത്ര്യമാകുന്ന ദുഃഖം. നിത്യതന്ദ്രി=വിട്ടുപോകാത്ത മടി. ക്ഷുദ്രചിന്തനങ്ങൾ=നിസ്സാരവിചാരങ്ങൾ. ഈശ്വരൻ നല്കിയിട്ടുള്ള പരിമിതമായ തലച്ചോറു നിസ്സാരവിചാരങ്ങളിൽ ചെലുത്തുന്നത് എത്ര കഷ്ടം!

൩. യുവാധ്യേതാക്കൾ = യുവവിദ്യാർത്ഥികൾ. ചൂഴെച്ചേത്തം=നാലുഭാഗത്തുമുള്ള. ആതുരവിനിശ്വാസവായു=ദുഃഖിതർ (പാവപ്പെട്ടവർ) നെടുവീർപ്പിടുന്ന വായു. ഗന്ധോപഹാരം=സുഗന്ധമാകുന്ന കാണിക്ക. തങ്ങളുടെ ആയുസ്സാകുന്ന പൂമൊട്ടിൻെറ മനോഹരവികാസം—യൌവനം—വിതറുന്ന സൌരഭ്യത്തെ, പാവപ്പെട്ടവരുടെ നെടുവീർപ്പിൽ ഒട്ടൊക്കെ കലർത്താൻ

Digitized By Kerala Sahitya Akademi

—പാവപ്പെട്ടവരുടെ കഷ്ടപ്പാടിന്നു തെല്ലൊരാശ്വാസം നല്കാൻ കഴിഞ്ഞാൽ, ദീനബന്ധുവായ ഈശ്വരന്ന് അതിൽപ്പരമൊരു വഴിപാടു ചെയ്യാനില്ല! ദാരിദ്ര്യാധി.......ഞെരുക്കത്താൽ=ദാരിദ്ര്യത്താലും, ദുഃഖത്താലും, രോഗത്താലും ഉണ്ടാവുന്ന ഞെരുക്കത്താൽ. ഉലകിൻതന്ത്രികൾ=ലോകത്തിന്റെ കമ്പികൾ. കലാവിരുതാർന്ന=കലാനൈപുണ്യം നേടിയ. വിദ്യാർത്ഥികളുടെ കലാപഠനം ഏതുവിധത്തിൽ ഉപയോഗിച്ചാൽ ദാരിദ്ര്യംകൊണ്ടും ദുഃഖംകൊണ്ടും വ്യാധികൊണ്ടും കഷ്ടപ്പെടുന്നവർക്ക് ആശ്വാസപ്രദമാകുമോ, ആവിധത്തിൽ അവർ അതിനെ ഉപയോഗിക്കണം.

൨. സുതരാം=ഏററവും. വിദ്യാർത്ഥികൾ തങ്ങൾക്കു കിട്ടുന്ന വിജ്ഞാനത്തെ പാവപ്പെട്ടവരുടെ അജ്ഞാനം നീക്കം ചെയ്യാനും, അവരെ ജ്ഞാനംകൊണ്ടു പ്രബുദ്ധരാക്കാനും വിനിയോഗിക്കണം.

## ൧൦. പൊട്ടാത്ത പൊൻകമ്പി

൧. ഇന്നലെവരേയും—കഴിഞ്ഞകാലങ്ങളിലെല്ലാംതന്നെ—നാം സംശയത്തിന്നും പരാജയമനോഭാവത്തിന്നും കീഴ്പ്പെട്ടിരിക്കയായിരുന്നു; എന്നാൽ ഇന്നു, നാം ഒരു തീരുമാനത്തിലെത്തിയിരിക്കുന്നു. 'ഇന്നലത്തെ.......പടയാളികൾ' സ്വാതന്ത്ര്യത്തിന്നുവേണ്ടി യാചിക്കാൻ നാം ഉദ്ദേശിക്കുന്നില്ല; അഹിംസാവ്രതം മുറുകെപ്പിടിച്ചു പോരാടാൻതന്നെ ഉറച്ചിരിക്കുന്നു. പുഷ്കരം=ആകാശം. അനാരതം=എല്ലായ്പോഴും. "വങ്കൊടി....ലക്ഷമൂരിങ്കലും"—ചക്കകളിൽനിന്നു നീളുന്ന നൂലുകൾ, വറുതികൊണ്ടു വരണ്ട ഏഴു ലക്ഷം ഗ്രാമങ്ങളുടെ, തന്നിവാസികളുടെ തൊണ്ടകൾക്കു ക്ഷീരധാരകളായിച്ചമയട്ടെ—ഇന്ന് ഒരു കുമ്പിൾ കഞ്ഞിപോലും കഴിക്കാൻ വകയില്ലാത്ത അവർ അത്രയും സമ്പന്നരായിത്തീരട്ടെ! ഭദ്രം=മംഗളകരം. സത്വഗുണത്തെ വെളുത്ത നിറമായും അനുകമ്പയെ പച്ചനിറമായുമാണ് കവികൾ വർണ്ണിക്കാറ്. നാം സത്വഗുണംകൊണ്ടു

Digitized By Kerala Sahitya Akademi

നമ്മുടെ സ്വാതന്ത്ര്യപതാകയുടെ വെണ്മയേയും, അനുകമ്പ കൊണ്ടു പച്ചനിറത്തേയും നിലനിൎത്തുക; അതിൻെറ ചുട്ടപ്പുനിറത്തെയാകട്ടെ, സ്വജീവരക്തം പൊഴിച്ചും നാം നിലനിൎത്തണം.

൨. എന്നാൽ നേരേമറിച്ച്, നാം അന്യരുടെ പ്രാണവായുകൊണ്ട് ഒരിക്കലും നമ്മുടെ വെററി(=ജയ) ക്കൊടികളെ പാറിപ്പിക്കുകയില്ല; കാരണം, നമ്മുടെ ഗുരുദേവൻ—ഗാന്ധിജി—ഇന്ത്യയുടെ പീരങ്കിയിൽ വൈരംകൊണ്ടുള്ള ഉണ്ടയല്ല, സ്നേഹംകൊണ്ടുള്ള ഉണ്ടയാണ് നിറക്കാൻ പഠിപ്പിക്കുന്നത്. ''ഓതം.......നാം''—ഓതം (നനവ്) പിടിച്ച നിലത്ത് അസ്ഥിവാരം പണിയുന്നതായാൽ ഉറപ്പുണ്ടാവില്ലല്ലോ. ''വെട്ടിനു.......അഹിംസാക്ഷരങ്ങളാൽ''—വീരന്മാരുടെ ധൎമ്മം എതിരാളി ഒരു വെട്ടു വെട്ടിയാൽ, അതിനു പകരം വെട്ടുകയെന്നതാണ്; എന്നാൽ എല്ലാവരേയും—എതിരാളികളെക്കൂടി—സഹോദരരെ എന്നപോലെ സ്നേഹിക്കുകയെന്ന മഹനീയമായ ആൎഷപാരമ്പൎയ്യത്തോടുകൂടിയ നാം, വെട്ടിനു പകരം വെട്ടുക എന്ന വീരധൎമ്മത്തെ അഹിംസാക്ഷരങ്ങൾകൊണ്ടു വെട്ടിത്തിരുത്തും—വെട്ടിയിട്ടുതന്നെയാണ് തിരുത്തുന്നതെങ്കിലും എന്തന്തരം! ''യാതൊരാപത്തും.......പവിത്രകരൌഘമേ''—എന്തെന്താപത്തുവന്നാലും, ലോകത്തിന്ന് ഒന്നാമതായി അഹിംസാധൎമ്മം ഉപദേശിച്ച ശ്രീബുദ്ധനെ പ്രസവിച്ച മാതൃഭൂമിയെ—ഭാരതത്തെ—ശുശ്രൂഷിക്കുന്നവരേ, നിങ്ങൾ ക്ഷുദ്രമായ കൊലയായുധം തൊട്ടുപോകരുതേ! പവിത്രകരൌഘം=പരിശുദ്ധങ്ങളായ കൈകളുടെ സമൂഹം.

൩. അഹിംസാധൎമ്മം അനുഷ്ഠിക്കുന്നതുകൊണ്ടുണ്ടായേക്കാവുന്ന ക്ലേശങ്ങളാൽ നാം ഭീരുക്കളാകരുത്; കാരണം, ശ്രേഷ്ഠമായ സുഖത്തെ വിളയിക്കുന്നതു (ഉൽപാദിപ്പിക്കുന്നതു) ക്ലേശമാണ്. ലോകത്തിൻെറ മുഴുവൻ കണ്ണുകളെ ആകൎഷിക്കുന്ന ചെന്താമരപ്പൂക്കളുണ്ടാവുന്നതു ചേറിൽനിന്ന്—ക്ലേശ

Digitized By Kerala Sahitya Akademi

ത്തിൽനിന്ന്—ആണല്ലോ. ലോകത്തെ അന്ധമാക്കിത്തീക്കുന്ന രാത്രിയാണ്—ക്ലേശമാണ്—എല്ലാററിനേയും പ്രകാശമാനമാക്കുന്ന പ്രഭാതത്തെ കൊണ്ടുവരുന്നത്! അങ്ങിനെ നല്ലതെല്ലാം ക്ലേശത്തിൽനിന്നേ സംജാതമാവൂ. ഉഗ്രവജ്രാഭിഘാതം=തീക്ഷ്ണമായ വജ്രായുധത്തിന്റെ ആഘാതം. പീയൂഷം=അമൃതം. ആഹരിക്കുക=കൊണ്ടുവരിക. പണ്ടു ഗരുഡന്റെ അമ്മയായ വിനതയും സൎപ്പങ്ങളുടെ അമ്മയായ കദ്രുവും തമ്മിൽ ഒരു കാൎയ്യത്തെച്ചൊല്ലി വാദമുണ്ടായി. അതിൽ തോററ ആൾ ജയിച്ച ആളുടെ ദാസിയായിരിക്കണമെന്നു നിശ്ചയംചെയ്തു. വാദത്തിൽ വിനത തോററു കദ്രുവിന്റെ ദാസിയായിത്തീൎന്നു. ദാസ്യത്തിൽനിന്നു വിടുതി കിട്ടണമെങ്കിൽ, സ്വൎഗ്ഗത്തിൽപോയി അമൃതു കൊണ്ടുവരണമെന്നായിരുന്നു കദ്രുവിന്റെ തീൎപ്പ്. അതനുസരിച്ചു വിനതയുടെ മകനായ ഗരുഡൻ അമൃതു കൊണ്ടുവരാനായി സ്വൎഗ്ഗത്തിലേക്കു പോയി. അമൃതുകൊണ്ടു പോരുമ്പോൾ ഇന്ദ്രനുമായി ഏററുമുട്ടി. യുദ്ധംചെയ്തേ കഴിയൂ എന്നായി. ഒടുവിൽ, ഗരുഡൻ ഇന്ദ്രനെ യുദ്ധത്തിൽ തോല്പിച്ച്, അമൃതു കൊണ്ടുവന്ന് അമ്മയെ ദാസ്യത്തിൽനിന്നു മോചിപ്പിച്ചു എന്നു പുരാണം. (ഇതുകൊണ്ടാണ് വജ്രായുധത്തിന്റെ ആഘാതത്തെ ഗൌനിക്കാതെ എന്നു പറഞ്ഞത്) അമ്മയെ ദാസ്യത്തിൽനിന്നു വിടുത്താൻ ഒരു പക്ഷിക്ക് ഇത്രയും ക്ലേശങ്ങൾ സഹിക്കാമെങ്കിൽ, കൂടുതൽ കഴിവുകളുള്ള മനുഷ്യരായ നമുക്ക് എന്തെല്ലാം കഷ്ടപ്പാടുകൾ സഹിച്ചുകൂടാ എന്നു വ്യംഗ്യം.

൭. സഹിഷ്ണുത=സഹനശീലം. സഹിഷ്ണുതയാകുന്ന ദേവി നമ്മളിൽ പ്രസാദിച്ചു ചെയ്യുന്ന രസതന്ത്രവേലകൊണ്ടു നമ്മുടെ ഹൃദയസിരകൾ പൊട്ടാത്ത—ഉറപ്പേറിയ—പൊൻകമ്പികളായിത്തീൎന്നിരിക്കുന്നു—അത്രയും നെഞ്ഞുറപ്പു നമുക്കു കൈവന്നിരിക്കുന്നു.

Digitized By Kerala Sahitya Akademi

# കുററിപ്പുറത്തു കേശവൻനായരുടെ കൃതികൾ

| | |
|---|---|
| കാവ്യോപഹാരം | 0 12 0 |
| നവ്യോപഹാരം | 1 0 0 |
| പ്രതിമാനാടകം | 0 15 0 |
| മൂന്നു ഭാഷാകാവ്യങ്ങൾ | 0 12 0 |
| പ്രപഞ്ചം | 0 10 0 |

വള്ളത്തോൾ ഗ്രന്ഥാലയം,
A. O. & P. O. ചെറുതുരുത്തി,
(കൊച്ചിൻ സ്റ്റേയിററ്)

Digitized by Kerala Sahitya Akademi

# വള്ളത്തോൾ കൃതികൾ

| | | | |
|---|---|---|---|
| വാല്മീകിരാമായണം (ഉത്തരകാണ്ഡം മാത്രം) | 3 | 8 | 0 |
| ചിത്രയോഗം | 3 | 0 | 0 |
| പഞ്ചരാത്രം | 1 | 2 | 0 |
| ബധിരവിലാപം | 0 | 3 | 0 |
| ശിഷ്യനും മകനും | 0 | 4 | 6 |
| ഒരു കത്ത് | 0 | 4 | 6 |
| ഊരുഭംഗം | 0 | 9 | 0 |
| അനിരുദ്ധൻ | 0 | 4 | 6 |
| മദ്ധ്യമവ്യായോഗം | 0 | 9 | 0 |
| സാഹിത്യമഞ്ജരി 1-ാംഭാഗം | 1 | 2 | 0 |
| ,, 2, 3, 4, 5, 6, 7 ഭാഗങ്ങൾ ഓരോന്നിന് | 1 | 8 | 0 |
| ഋതുവിലാസം | 0 | 4 | 6 |
| ഉന്മത്തരാഘവം | 0 | 4 | 6 |
| സ്വപ്നവാസവദത്തം | 1 | 2 | 0 |
| ഔഷധാഹരണം (ആട്ടക്കഥ) | 0 | 2 | 0 |
| ഗ്രന്ഥവിഹാരം | 1 | 14 | 0 |
| അഭിജ്ഞാനശാകുന്തളം | 2 | 4 | 0 |
| കൊച്ചുസീത | 0 | 9 | 0 |
| അച്ഛനും മകളും | 0 | 12 | 0 |
| ശരണമയ്യപ്പാ | 0 | 3 | 0 |
| വിഷുക്കണി | 1 | 8 | 0 |
| ദിവാസ്വപ്നം | 1 | 8 | 0 |
| കപടകേളി | 1 | 0 | 0 |
| കർപ്പൂരചരിതഭാണം | 0 | 10 | 0 |

## ഗ്രന്ഥാലയം വക മറ്റു പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| ഭാരതരമണി (സി. ജി. കുറുപ്പ്) | 1 | 6 | 0 |
| ചെറുകഥകൾ (സി. അച്യുതക്കുറുപ്പ്) | 1 | 8 | 0 |
| നൂർജഹാൻ ടി | 1 | 8 | 0 |
| അപരാധികൾ ടി | 1 | 4 | 0 |
| മധുമഞ്ജരി (വള്ളത്തോൾ ഗോപാലമേനോൻ) | 1 | 8 | 0 |
| ഗോപാലകൃഷ്ണൻ ടി | 0 | 3 | 0 |

വള്ളത്തോൾ ഗ്രന്ഥാലയം,
ചെറുതുരുത്തി (കൊച്ചിശ്ശീമ)